കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# *പിറവന്തൂർ ഗ്രാമപഞ്ചായത്ത്*

# *ഓഡിറ്റ് റിപ്പോർട്ട് 2017 – 2018*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-9/95/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം.

തീയതി :03/05/2019

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/95/2019 തീയതി:03/05/2019

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.10.2017 മുതൽ 31.10.2018 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യുറോയ്.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ<br>19.12.2018വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പ്രീത.എസ്സ്.എസ്സ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സോണിയ.ജെ സെബാസ്റ്റ്യൻ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.ജി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശശികല.പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ബഷീർ.എസ് | 01.04.2017 മുതൽ 02.05.2017 വരെ |
| | ശ്രീ.ജോൺ ഗോടിക്ക് ഗ്രീക്ക് | 03.05.2017 മുതൽ 30.06.2017വരെ |
| | ശ്രീ.ബഷീർ.എസ് | 01.07.2017 മുതൽ 22.07.2017വരെ |
| | ശ്രീ.കെ. സജി ജോൺ | 23.07.2017 മുതൽ 03.08.2017വരെ |
| | ശ്രീ.അജിത കുമാർ. സി | 04.08.2017മുതൽ. 05.10.2017 വരെ |
| | ശ്രീമതി.താഹി.റ്റി | 06.10.2017 മുതൽ 16.11.2017 വരെ |
| | ശ്രീ.ഷെമീം.എ | 17.11.2017മുതൽ 31.03.2018 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.എസ്സ്.രാമചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുരേഷ്ബാബു | 01.04.2017 മുതൽ. 07.06.2017വരെ |
| | ഡോ. അനിൽ കുമാർ | 08.06.2017 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.എൻ.സുരേഷ് | 01.04.2017 മുതൽ 10.08.2017 വരെ. |
| | ശ്രീ.ബാബു ശാമുവേൽ | 11.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. തോമസ് കോശി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ശുഭ.എ.പി. | 01.04.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. സന്ധ്യാ സുധാകർ | 01.04.2017 മുതൽ 8.08.2017വരെ |
| | ഡോ.റാണാ.ബി.മോദി | 09.08.2017 മുതൽ 09.11.2017 വരെ |
| | ഡോ.പ്രേംജിജോൺ | 10.11.2017 മുതൽ 04.02.2018 വരെ |
| | ഡോ. സന്ധ്യാ സുധാകർ | 05.02.2018 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശ്രീജ കുമാരി.എ | 01.04.2017 മുതൽ. 14.12.2017വരെ |
| | ശ്രീമതി.സോണി. എസ് | 15.12.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് | ശ്രീ.അരവിന്ദാക്ഷൻ | 01.04.2017മുതൽ. 31.05.2017വരെ |
| | ശ്രീമതി.യാസ്മി.എച്ച് | 01.06.2017മുതൽ 19.07.2017വരെ |
| | ശ്രീമതി.ലിസ്സി മോൾ. സി.ഒ. | 20.07.2017മുതൽ 31.03.2018 വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോൺ ഗോടിക്ക് ഗ്രീക്ക് | 01.04.2017മുതൽ. 01.07.2017വരെ |
| | ശ്രീമതി.താഹി.റ്റി | 02.07.2017മുതൽ 11.07.2017വരെ |
| | ശ്രീ.കെ. സജി ജോൺ | 12.07.2017മുതൽ 31.08.2017 വരെ |
| | ശ്രീമതി.ദിലീന.കെ.കെ | 01.09.2017മുതൽ 12.09.2017 വരെ |
| | ശ്രീമതി.താഹി.റ്റി | 13.09.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ദിനേശ്.ഡി.കെ | 01.04.2017മുതൽ 23.10.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.ആശ.വൈ.വി | 23.10.2017മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഹസീന.എ | 01.04.2017മുതൽ. 31.03.2018വരെ |
| | ശ്രീ.സുരേഷ് | 01.04.2017മുതൽ. 27.07.2017 FN വരെ |
| | ശ്രീ.രതീഷ്.ആർ | 27.07.2017 AN മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബാങ്ക് അക്കൗണ്ടിലെ വരവ്- അപാകതകൾ | 2-1 |
| 14 | വസ്തുനികുതി- അപാകതകൾ | 2-2 |

| | | |
|---|---|---|
| 15 | സംയുക്ത പ്രോജക്ടിനു വേണ്ടിയുള്ള അക്കൗണ്ടിലെ ധന ഇടപാടുകളിൽ കൃത്യതയില്ല. | 2-3 |
| 16 | മൊബൈൽടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക ബാക്കി നിൽക്കുന്നു. | 2-4 |
| 17 | കമ്യൂണിറ്റി ഹാൾ ശോചനീയാവസ്ഥയിൽ | 2-5 |
| 18 | ആശുപത്രികളുടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നില്ല. | 2-6 |
| 19 | ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-7 |
| | ഭാഗം 3 | |
| 20 | പാടശേഖര സമിതിയ്ക്ക് കൈമാറിയ യന്ത്രോപകരണ ങ്ങൾക്ക് അറ്റകുറ്റപ്പണി -തുക നിരാകരിക്കുന്നു. | 3-1 |
| 21 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല – 10,50,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 22 | രേഖകൾ ഇല്ല. പത്താംതരം, പന്ത്രണ്ടാം തരം തുല്യതാ പരീക്ഷയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 23 | ഭവന നിർമ്മാണ പദ്ധതി-പണി പൂർത്തീകരിച്ചിട്ടില്ല. | 3-4 |
| 24 | ജാഗ്രതാ സമിതി-പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്. | 3-5 |
| 25 | സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരം ഒടുക്കുന്നു. | 3-6 |
| 26 | അങ്കണവാടികളിൽ അപര്യാപ്തത മാത്രം - കെട്ടിടങ്ങൾ സുരക്ഷിതമല്ല - അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. | 3-7 |
| 27 | നിലവിൽ ഇല്ലാത്ത ബൾബുകൾക്കും സോഡിയം വേപ്പർ ലാമ്പുകൾക്കും കറണ്ട് ചാർജ്ജ് നൽകി | 3-8 |
| 28 | ശിങ്കാരി മേളം പരിശീലനവും ഗ്രൂപ്പ് സജ്ജമാക്കലും- വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ട് നടപ്പിലാക്കിയില്ല. നൂറു ശതമാനം സബ്സിഡി നൽകി | 3-9 |
| 29 | അനധികൃത കെട്ടിടത്തിന് കിണർ ആൾമറകെട്ടാൻ ധനസഹായം | 3-10 |
| 30 | അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ഉന്നത വിദ്യാഭ്യാസത്തിന് ലാപ്പ്ടോപ്പ് | 3-11 |

| | | |
|---|---|---|
| 31 | കാലപഴക്കമില്ലാത്ത വീടിന് വീട് മെയിന്റനൻസ് നൽകി- | 3-12 |
| 32 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-13 |
| 33 | പ്രത്യേക ഘടകപദ്ധതികളിൽ ഉൾപ്പെടുത്താൻ അനുവാദമില്ലാത്ത പദ്ധതികൾ അവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു | 3-14 |
| 34 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-15 |
| 35 | വിജ്ഞാൻവാടി അംബേദ്ക്കർ ഗ്രാമംകെട്ടിടം – നിഷ്ക്രിയ ആസ്തിയായി മാറുന്നു. | 3-16 |
| 36 | ഹോമിയോ ആശുപത്രി കെട്ടിടം ഉദ്ഘാടനം കഴിഞ്ഞ് 3 വർഷമായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-17 |
| 37 | ശൃംഖലാ ബന്ധിത സൗരമേൽക്കൂര നിലയം സ്ഥാപിക്കൽ-പദ്ധതി നടത്തിപ്പ് - അപാകതകൾ | 3-18 |
| 38 | പഞ്ചായത്ത് മെമ്പർ ഹോമിയോഅറ്റൻഡർ ആയി ജോലി ചെയ്യുന്നു. | 3-19 |
| 39 | വൃക്ഷത്തൈ നടീൽ- ഫലപ്രാപ്തിയിലെത്താത്ത പദ്ധതി. | 3-20 |
| 40 | കേരളോൽസവം -അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചു. | 3-21 |
| 41 | തുക ഒടുക്കിയെങ്കിലും സാംഖ്യാ രസീതുകൾ മുഴുവനും ലഭ്യമായിട്ടില്ല. | 3-22 |
| 42 | അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്താതെ പകൽവീട് നിർമ്മാണം | 3-23 |
| 43 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തടസ്സപ്പെടുത്തുന്നു. | 3-24 |
| 44 | പോസ്റ്റ് ഷിഫ്റ്റിംഗ് - തുക ഒടുക്കിയിട്ടുണ്ടെങ്കിലും പോസ്റ്റ് മാറ്റിയിട്ടില്ല | 3-25 |
| 45 | 'പട്ടികവർഗ്ഗ മേഖലയിലെ നവജാതശിശുക്കളുടേയും അമ്മമാരുടേയും പരിചരണം' പദ്ധതി-ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 3-26 |
| 46 | ആസ്മാരോഗികൾക്ക് ഇൻഹേലർ പദ്ധതി - ഉപകരണം ലഭ്യമായില്ല | 3-27 |
| 47 | പാലിയേറ്റീവ് പരിചരണപദ്ധതി - അപാകതകൾ | 3-28 |

| | | |
|---|---|---|
| 48 | പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ - പ്രിന്റിംഗ് ചാർജ് ചെലവ് തടസ്സപ്പെടുത്തുന്നു | 3-29 |
| | ഭാഗം 4 | |
| 49 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 50 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 52 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 53 | സ്ഥിര നിക്ഷേപം | 4-5 |
| 54 | ഓഡിറ്റ് റിക്കവറി | 4-6 |
| 55 | സമാഹൃതഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 56 | ചാർജ് /സർചാർജ്നടപടികളുടെ വിവരം | 4-8 |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 59 | അനുബന്ധം1, ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 60 | അനുബന്ധം2, അനുബന്ധപത്രികകൾ | 2 |


# ഭാഗം **1**

## പൊതു അവലോകനം

### **1-1** ബജറ്റ്

31-3-2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

### **1-2** വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 18-6-2018 | - | - |

### **1-3** വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 30-8-2018,<br>31-8-2018 | കെ.എസ്.എ.കെ.എൽ.എം.<br>/P9/1613/18/3-10-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,13,64,232 |
| വരവ് | 9,19,59,552 |
| ആകെ | 12,33,23,784 |
| ചെലവ് | 11,36,93,291 |
| നീക്കിയിരിപ്പ് | 96,30,493 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 32942000 | 32942000 | 22151034 | 10790966 |
| വികസന ഫണ്ട്-എ സ്.സി.പി (ACR പ്രകാരം) | | 0 | 14102383 | 14102383 | 8049266 | 6053117 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 674726 | 674726 | 310950 | 363776 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 22834000 | 22834000 | 12595404 | 10238596 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5823000 | 5823000 | 3781662 | 2041338 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14395423 | 14395423 | 7319305 | 7076118 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2053264 | 2053264 | 1256249 | 797015 |
| സാക്ഷരത | | 10344 | 388 | 10732 | 0 | 10732 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 29496617 | 29496617 | 29496617 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1105 | 1162074 | 1163179 | 1161585 | 1594 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 3185000 | 3185000 | 2938925 | 246075 |
| | ജില്ലാ പഞ്ചായത്ത് | 0 | 849000 | 849000 | 526298 | 322702 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | --- | --- | --- | --- | --- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9938426 | 30090706 | 39868163 | 33190004 | 6678159 |
| | ട്രഷറി അക്കൗണ്ട് | 21414357 | 13005573 | 34419930 | 31903537 | 2516393 |
| മറ്റിനം | | --- | --- | --- | --- | --- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 336 | 16,05,32,621 | 183 | 6,45,79,064 | 135 | 18 | 54.46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,105 | 11,62,074 | 11,63,179 | 11,61,585 | 1,594 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1,105 | 2,94,96,617 | 2,94,96,617 | 2,94,96,617 | ----- |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക **(₹)** | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92,040 | 175 |
| കർഷകതൊഴിലാളി പെൻഷൻ | 93,05,000 | 3,078 |
| വിധവാപെൻഷൻ | 2,06,42,100 | 6,531 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,39,58,300 | 7,010 |
| വികലാംഗപെൻഷൻ | 82,63,800 | 1,636 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,27,100 | 199 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-12-2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51711രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

6.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

7.ഡി.&ഒ.ലൈസൻസ് ഫീസിന്റെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡി.&ഒ.ലൈസൻസ് ഫീസിന്റെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

8. കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

9.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

10.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-11-2018 | 10/18 | 4-12-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-10-2017 | 2012-13 മുതൽ 2016-17 വരെ | 17-11-2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.RP-40 (b) TSB (Own fund) A/c-ന്റെ ട്രഷറി നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 1257109/-രൂപയാണ്. Reconcilliation Statement-ൽ ചെക്ക് നം.229508 പ്രകാരം 3,64,000/-രൂപ Uncashed Cheque ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ടി ചെക്ക് പ്രകാരം ആകെ ചെലവ് 400000രൂപയാണ്. 36,000/-രൂപ Uncashed Cheque വിശദാംശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.വികസന ഫണ്ട്, വികസനഫണ്ട്- എസ്.സി.പി, സി.എഫ്.സി ഇനങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവുകളും സാംഖ്യ ACR-ഉം ആയി പൊരുത്തപ്പെടുന്നില്ല.

വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫണ്ടിനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസന ഫണ്ട് | 22051447 | 22151034 |
| SCP | 8030466 | 8049266 |
| CFC | 7291105 | 7319305 |

3.NREGS രജിസ്റ്റർ പ്രകാരമുള്ള വരവ്, ചെലവ്, EFMS എന്നിവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
|---|---|
| വരവ് - 1001622 | 1162074 |
| EFMS-29582926 | 29496617 |

4.Property Tax on Residential and Non Residential Building – Arrear and Current Demand തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബാങ്ക് അക്കൗണ്ടിലെ വരവ്- അപാകതകൾ

1.ചെക്കുകളായി ലഭിച്ച തൊഴിൽ നികുതി തുകകൾ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ വരവുവന്നിട്ടില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി ചെക്കുകൾ മുഖേന ഒടുക്കിയവ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ വരവു വന്നില്ല.2018-19 ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഇനത്തിൽ വരവുവന്ന തുകയാണ് ഇതുവരെ ബാങ്ക് അക്കൗണ്ടിൽ വരവുവന്നിട്ടില്ലാത്തത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് (ഡി.ഡി) നമ്പർ/തീയതി | നൽകിയ സ്ഥാപന മേധാവി | ഡേ ബുക്കിൽ വരവുവന്ന തീയതി | തുക (₹) |
|---|---|---|---|---|
| 1 | 2146759/ 29.08.2018 | തഹസിൽദാർ, പത്തനാപുരം | 31.08.2018 | 10,600/- |
| 2 | 7598675/ 31.08.2018 | ഹെഡ്മിസ്ട്രസ്സ്, ഗവ.എച്ച്.എസ്.എസ്, പുന്നല | 01.09.2018 | 16,000/- |
| 3 | 084716/ 14.08.2018 | വില്ലേജ് ഓഫീസർ, പിറവന്തൂർ | 18.09.2018 | 8,500/- |

ഇവയിൽ ക്രമ നം 1 ,2 എന്നിവ സ്ഥാപന മേലധികാരിയുടെ ഒപ്പും സീലും രേഖപ്പെടുത്താത്തതിനാൽ ബാങ്കിൽ നിന്നും തിരികെ നൽകിയതിനാൽ ആയവ രേഖപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ തിരികെ ഏൽപ്പിച്ചുവെങ്കിലും നാളിതുവരെ ചെക്കുകൾ മടക്കി നൽകിയിട്ടില്ല എന്നും ചെക്കിന്റെ കാലാവധി തീർന്ന 30.11.2018ലും ആയവ ലഭ്യമാകാഞ്ഞതിനാൽ പുതിയ ചെക്ക് ഹാജരാക്കാൻ സ്ഥാപന മേലധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിശദികരണം നൽകിയിട്ടുണ്ട്. ക്രമ നം 3 പ്രകാരമുള്ള ഡി.ഡി സ്ഥാപന മേലധികാരിയായ വില്ലേജ് ഓഫീസറുടെ പേരിൽ ഉള്ളതായിരുന്നു. ആയതിനാൽ സെക്രട്ടറിയുടെ പേർക്ക് പുതിയ ഡി.ഡി നൽകണമെന്ന് കാണിച്ച് ഇത് തിരികെ നൽകി. എന്നാൽ നാളിതുവരെ പുതിയ ഡി.ഡി ഹാജരാക്കുകയോ തുക ഒടുക്കുകയോ ചെയ്തിട്ടില്ല. ബാങ്കുകൾ ഏതെങ്കിലും ചെക്കുകൾ സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ അതിനുവേണ്ടി നൽകിയ രസീതിന്റെ ഓഫീസ് കോപ്പി ക്യാൻസൽ ചെയ്യണമെന്ന 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം – 22 പാലിച്ചുകൊണ്ട് ടി ചെക്കുകളുടെ സാംഖ്യാരസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. ആയതിനാൽ തുക ഒടുക്കാത്ത പക്ഷം സ്ഥാപനങ്ങൾക്ക് നൽകിയ രസീതുകൾ തിരികെ വാങ്ങി ക്യാൻസൽ ചെയ്ത്, ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി ആയത് അക്കൗണ്ടിൽ വരവ് വരുന്ന മുറയ്ക്ക് മാത്രം രസീത് നൽകേണ്ടതാണ്.

2. <u>ചെക്കുകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് സർവീസ് ചാർജ് ഇനത്തിൽ തുക ഈടാക്കുന്നു.</u>

പഞ്ചായത്തിൽ ചെക്ക് മുഖേന വരവുവന്ന തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ബാങ്ക് ,കളക്ഷൻ ചാർജ് ഈടാക്കുന്നു. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ചെക്കായി ലഭിച്ചത് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനാണ് കളക്ഷൻ ചാർജ് ഈടാക്കിയിരിക്കുന്നത്. ചെക്കുപ്രകാരമുള്ള തുകയുടേയും ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | ചെക്ക്പ്രകാരമുള്ള തുക (₹) | രസീത്/ തീയതി | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നത് (₹) | കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയ തുക (₹) |
|---|---|---|---|---|
| 2895127/ 09-03-18 | 3,500 | 117010500033/ 12.03.18 | 3,400 | 100 |
| 2146703/ | 9,350 | 117010500037/ | 9,250 | 100 |

| | | | | |
|---|---|---|---|---|
| 20.03.2018 | | 22.03.18 | | |
| 2146656/ 20.08.2018 | 48,000 | 118010500016/ 29.09.18 | 47,980 | 20 |
| 2146661/ 29.9.2018 | 8,370 | 118010500017/ 29.9.2018 | 8,308 | 62 |
| 6959225/ 30.09.18 | 3,250 | 118010500019/ 01.10.2018 | 3,230 | 20 |
| 7478325/ 03.10.2018 | 6,250 | 118010500021/ 03.10.2018 | 6,230 | 20 |
| 7564751/ 28.08.2018 | 20,000 | 118010500020/ 03.10.2018 | 19,980 | 20 |
| 1206204/ 11.10.18 | 6,250 | 118010500022/ 11.10.2018 | 6,150 | 100 |
| 5733004/ 26.09.2018 | 5,000 | 118010500023/ 29.10.2018 | 4,975 | 25 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 21(2)-ൽ മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ചെക്കുകളുടെ തുകകളിൽ ബാങ്ക് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നും ബാങ്ക് ചാർജ്ജുകൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം തുകകൾ പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചെക്കുകൾ മുഖാന്തിരം ഒടുക്ക് വരുത്തിയ തൊഴിൽനികുതിക്കൊപ്പം ബാങ്ക് ചാർജ്ജ് ഉൾപ്പെടുത്തിയെന്ന് ഉറപ്പാക്കാത്തതുമൂലം പഞ്ചായത്തിന് 467/-രൂപയുടെ നഷ്ടം ഉണ്ടായി. ടി തുക ബന്ധപ്പെട്ട വ്യക്തികളിൽനിന്ന് പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി- അപാകതകൾ

1. ഉപയോഗക്രമത്തിനനുസരിച്ചുള്ള വർദ്ധനവ് വരുത്തി വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നില്ല

15.12.18 ൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്തിൽ ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമമനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. 14.01.2011-ലെ എസ്.ആർ.ഒ. നമ്പർ36/11 പ്രകാരം ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്രമീറ്റർ തറ

വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാനവസ്തുനികുതി നിരക്ക് അവലംബിച്ച് സ്വകാര്യ ഹോസ്റ്റലിന് പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നികുതിനിരക്ക് 45/- രൂപയാണ്. എന്നാൽ സ്ഥലപരിശോധനയിൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതായി കാണപ്പെട്ട കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഈടാക്കുന്നതെന്ന് സഞ്ചയയിൽ നിന്നും ലഭ്യമായ ഫോറം നം.6-ൽ നിന്നും വ്യക്തമാവുന്നു. ഓഡിറ്റ് എൻക്വയറിയിലൂടെ ലഭ്യമായ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹോസ്റ്റലുകൾ

1.മംഗലശ്ശേരിൽ വിമൺസ്ഹോസ്റ്റൽ

ഉടമസ്ഥന്റെ പേര് - ശ്രീ.എം.രാജപ്പൻ

കെട്ടിടനമ്പരുകൾ - X/334, X/554, X/555, X/556, X/557, X/558, X/559, X/560, X/561, X/563

ഇവയിൽ X/334 നമ്പർ കെട്ടിടം പാർപ്പിടാവശ്യത്തിനും മറ്റുള്ളവ ഓഫീസ് ആവശ്യം, ലോഡ്ജ്, സ്റ്റോറേജ് ഷെഡ് , കൺവെൻഷൻ സെന്റർ എന്നിങ്ങനെയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇവയ്ക്ക് ചതുരശ്രമീറ്ററിന് 30/-രൂപ നിരക്കിലാണ് നികുതി ഈടാക്കിവരുന്നത്. ഇവയിൽ ഹോസ്റ്റലായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ റീ അസ്സസ്സ്ചെയ്ത് ഉപയോഗക്രമമനുസരിച്ചുള്ള 45/-രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. ഇവിടെ 16 വിദ്യാർത്ഥിനികൾ താമസിക്കുന്നു.

2.പുന്നാരബോയ്സ് ഹോസ്റ്റൽ

ഉടമസ്ഥന്റെ പേര് – ശ്രീ.തോമസുകുട്ടി

കെട്ടിടനമ്പരുകൾ - X/474, X/475

ഇവയിൽ X/474നമ്പർ കെട്ടിടം പാർപ്പിടാവശ്യത്തിനും X/475 വാണിജ്യാവശ്യത്തിനും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 6/-രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലുമാണ് നികുതി ഈടാക്കിവരുന്നത്. രണ്ടുനിലയുള്ള കെട്ടിടത്തിൽ 50 വിദ്യാർത്ഥികൾ താമസിക്കുന്നു. ഇവയിൽ ഹോസ്റ്റലായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ റീ അസ്സസ്സ്ചെയ്ത് ഉപയോഗക്രമമനുസരിച്ചുള്ള നികുതി ഈടാക്കേണ്ടതാണ്.

3.അൽസലാമ ഹോസ്റ്റൽ

ഉടമസ്ഥരുടെ പേര് - ശ്രീ.അബ്ദുൾ റഹ്മാൻ,ശ്രീ. റഷീദ്,ശ്രീ. ഷിഹാബുദ്ദീൻ

കെട്ടിടനമ്പരുകൾ - XII/85, 86, 87, 88, 89, 90, 91, 92, 93, 94, 95, 96

ഇവയിൽ XII/85, 86 നമ്പർ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനും മറ്റുള്ളവ പാർപ്പിടാവശ്യത്തിനും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 6/-രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലുമാണ് നികുതി ഈടാക്കിവരുന്നത്.രണ്ടുനിലയുള്ള കെട്ടിടത്തിൽ താഴത്തെ നിലയിൽ കടകൾ പ്രവർത്തിക്കുന്നു. പാർപ്പിടാവശ്യത്തിന് എന്ന് രഖപ്പെടുത്തിയിരിക്കുന്നവയിൽ ഹോസ്റ്റലായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ റീ അസ്സസ്സ്ചെയ്ത് ഉപയോഗക്രമമനുസരിച്ചുള്ള നികുതി ഈടാക്കേണ്ടതാണ്.

4. അഞ്ജനി വിമൺസ് ഹോസ്റ്റൽ

ഉടമസ്ഥന്റെ പേര്- ശ്രീ.സജുജോൺ

കെട്ടിടനമ്പരുകൾ - XIV/170, 171, 172, 173, 174, 175, 567, 568, 569

ഇവയിൽ 7 എണ്ണം വാണിജ്യാവശ്യം എന്നും രണ്ടെണ്ണം പാർപ്പിടാവശ്യം എന്നും ഒരെണ്ണം ലോഡ്ജ് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ ഹോസ്റ്റലായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ റീ അസ്സസ്സ്ചെയ്ത് ഉപയോഗക്രമമനുസരിച്ചുള്ള നികുതി ഈടാക്കേണ്ടതാണ്.

ആയുർവേദ സുഖചികിത്സാകേന്ദ്രം

സ്ഥാപനത്തിന്റെ പേര്- കോട്ടയ്ക്കൽ ആര്യവൈദ്യശാല ചികിത്സാലയം

കെട്ടിടഉടമസ്ഥന്റെ പേര്- ശ്രീ.ജോൺസൺ

കെട്ടിടനമ്പർ - VIII/495

ഈ കെട്ടിടം പാർപ്പിടാവശ്യത്തിനുള്ളത് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 6/- രൂപ നിരക്കിലാണ്നികുതി ഈടാക്കിവരുന്നത്. എന്നാൽ ആയുർവേദ സുഖചികിത്സാകേന്ദ്രത്തിന് ഈടാക്കേണ്ട നികുതിനിരക്ക് 160/-രൂപയാണ് . കെട്ടിടം റീ അസ്സസ്സ്ചെയ്ത് ഉപയോഗക്രമമനുസരിച്ചുള്ള നികുതി ഈടാക്കേണ്ടതാണ്.

II. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തി നികുതി ഈടാക്കുന്നില്ല

പിറവന്തൂർ വാർഡിലെ കെട്ടിടനമ്പർ 79, 80 എന്നിവ സ്ഥിതി ചെയ്യുന്ന റോഡിന്റെ തരം 1.5 മീറ്ററിൽ കുറവായാണ് സഞ്ചയയിലെ ഫോം6ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവയ്ക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 10% ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഇത് 5മീറ്ററിൽ കൂടുതൽ വീതിയുള്ള പത്തനാപുരം പുനലൂർ റോഡാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വസ്തു നികുതി റീ അസ്സസ്സ് ചെയ്ത് നികുതിയിൽ വർദ്ധനവ് വരുത്തി ഈടാക്കി അറിയിക്കേണ്ടതാണ്. നികുതിനിർണ്ണയത്തിലും അത് ഈടാക്കുന്നതിലും സ്ഥാപന അധികാരികളുടെ ഭാഗത്തുനിന്നും വളരെ ഗൗരവ സ്വഭാവത്തിലുള്ള വീഴ്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ എടുക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി - 12/18.12.2018,21/20.12.2018

## 2-3 സംയുക്ത പ്രോജക്ടിനു വേണ്ടിയുള്ള അക്കൗണ്ടിലെ ധന ഇടപാടുകളിൽ കൃത്യതയില്ല.

സംയുക്ത പ്രോജക്ടുകൾക്കായി വിവിധ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതങ്ങളുടെ അക്കൗണ്ടിങ്ങിലും ചെലവ് വിവരങ്ങളുടെ രേഖപ്പെടുത്തലിലും പിഴവുകൾ സംഭവിച്ചതായി കണ്ടെത്തിയിരുന്നു. ആയവ ചുവടെ ചേർക്കുന്നു.

1. അക്കൗണ്ടിംഗിലെ അപാകതകൾ

a) ലഡ്ജർ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല:-

സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 8,49,000/- രൂപാ ലഭിച്ചതായി ലഡ്ജറിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക (RP -31) പ്രകാരം വരവ് 7,49,000/- രൂപ മാത്രമാണ്.

b) തുകകളുടെ നിക്ഷേപ വിവരങ്ങൾ ലഭ്യമല്ല.

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ആയതിനു വേണ്ടിയുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് 23.1.17 തീയതിയിലെ GO (P) NO 7/17/ധന ഉത്തരവിൽ വ്യക്തമാക്കിയിരിക്കേ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 15,60,000/- രൂപാ, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 8,49,000/- രൂപ എന്നിവ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. മേൽ സൂചന തുകകൾ ട്രാൻസ്ഫർ ക്രെഡിറ്റ് മുഖേന ലഭ്യമായ തീയതിയോ നിക്ഷേപിച്ച അക്കൗണ്ടോ വ്യക്തമല്ല.

c) ചെലവു വിവരങ്ങളുടെയും നീക്കിയിരിപ്പിന്റെയും വിവരങ്ങൾ കൃത്യമല്ല.

സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 322702/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 246075/- രൂപയും ശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളുകളിൽ നിന്ന് വ്യക്തമാകുന്നു. വാർഷിക പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ഉള്ള ചെലവ് 473702/- രൂപയും ലഡ്ജർ പ്രകാരമുള്ള ചെലവ് 526298/- രൂപയും ആണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലുള്ള ചെലവ് വാർഷിക പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 846945/- രൂപയും ലഡ്ജർ പ്രകാരം 1313925/- രൂപയും ആണ്. ചെലവ് സ്റ്റേറ്റ്മെന്റും ലഡ്ജറും തമ്മിൽ ഗണനീയമായ വ്യത്യാസം നിലനിൽക്കുന്നു.

ആയതിനാൽ സംയുക്ത പ്രോജക്ടിനായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും തുകകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെട്ട തീയതികൾ, നിക്ഷേപിക്കപ്പെട്ട അക്കൗണ്ടുകൾ, ചെലവു വിശദാംശങ്ങൾ, ശേഷിക്കുന്ന തുകയുടെ കൃത്യത എന്നിവ വ്യക്തമാക്കുന്ന ജോയിന്റ് വെഞ്ചർ TSB, സ്പെഷ്യൽ TSB ബാങ്ക് സ്റ്റേറ്റ്മെന്റ്, വിവിധ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ മേൽ അക്കൗണ്ടുകളുടെ ചെക്കിന്റെ കൗണ്ടർ ഫോയിൽ, ബാങ്ക് ബുക്ക് എന്നിവ ഹാജരാക്കി മേൽ പൊരുത്തക്കേടുകൾ വിശദമാക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികളാണ് ഉണ്ടാകേണ്ടത്.

**2-4** **മൊബൈൽടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക ബാക്കി നിൽക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽടവറുകൾ വസ്തുനികുതി ഒടുക്കുന്നില്ല . ഗ്രാമപഞ്ചായത്തിൽ നിന്നു ലഭ്യമായ കണക്കുകൾ പ്രകാരം 13 മൊബൈൽടവറുകൾ

പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയിൽ 5 മൊബൈൽ ടവറുകൾ വസ്തു നികുതി കുടിശ്ശിക വരുത്തിയിരിക്കുന്നു. ഇവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ടവർ നം | ഉടമസ്ഥന്റെ പേര് | വസ്തു നികുതി നിരക്ക് (₹) | കുടിശ്ശിക കാലയളവ് (₹) | ആകെ ഒടുക്കാനുള്ള തുക (₹) |
|---|---|---|---|---|
| 1/557 | Essar Telecom Infrastructure pvt ltd | 7,875 | 2017-18 | 21,265 |
| 3/782 | Reliance Communications | 6,300 | 2013-14 മുതൽ 2017-18 വരെ | 31,500 |
| 10/461 | BSNL tower | 28,875 | 2013-14 മുതൽ 2017-18 വരെ | 1,44,375 |
| 12/135 | Towervision India pvt Ltd | 9,815 | 2017-18 | 2,885 |
| 16/454 | Essar Telecom Infrastructure pvt ltd | 7,875 | 2013-14 മുതൽ 2017-18 വരെ | 39,375 |
| | | | ആകെ | 2,39,400 രൂ |

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 (1) പ്രകാരം കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾ ആദ്യമേ തുടങ്ങാവുന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞതിനുശേഷം നടത്തുവാൻ പാടില്ല. ആയതിനാൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ ഉണ്ടായ വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ നികുതി നഷ്ടപ്പെട്ടത് ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പഞ്ചായത്ത് രാജ് സെക്ഷൻ 243 (3) പ്രകാരം കിട്ടാനുള്ള തുകകൾ 2014-15 മുതൽ 2017-18 വരെ കാലയളവുകളിൽ ചുമതല വഹിച്ചിരുന്ന് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.നം- 6 /15.12.2018

**2-5** <u>കമ്മ്യൂണിറ്റി ഹാൾ ശോചനീയാവസ്ഥയിൽ</u>

ഗ്രാമപഞ്ചായത്തിലെ കടയ്ക്കാമൺ, അലിമുക്ക് വാർഡുകളിലായി 2 കമ്മ്യൂണിറ്റിഹാളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ കടയ്ക്കാമൺ കമ്മ്യൂണിറ്റിഹാൾ ശോചനീയാവസ്ഥയിലാണ്. കടയ്ക്കാമൺ വാർഡിലെ ജനങ്ങളുടെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാകുവാൻ വേണ്ടിയാണ് ഇത് ഇവിടെ പ്രവർത്തനം ആരംഭിച്ചത്. മുൻപ് വിവാഹചടങ്ങുകൾക്കായി വാടകയ്ക്ക് നൽകിയിരുന്ന ഈ കെട്ടിടം ഇപ്പോൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഇപ്പോൾ നാടക റിഹേഴ്സൽ ക്യാമ്പുകൾക്ക് വേണ്ടി മാത്രമാണ് ഇത് വാടകയ്ക്ക് നൽകുന്നത്. 750/-രൂപ നിരക്കിലാണ് വാടകയ്ക്ക് നൽകുന്നത്.തൻവർഷം ഈയിനത്തിൽ 16,500/-രൂപ വരവുണ്ട്. കമ്മ്യൂണിറ്റിഹാൾ വാടകയ്ക്ക് നൽകുന്നതിന്റെ നിയമാവലി ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയില്ല. നിലവിൽ ഹോമിയോഡിസ്പെൻസറി ഇതിന് അനുബന്ധമായാണ് പ്രവർത്തിക്കുന്നത്. ഹോമിയോഡിസ്പെൻസറി പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്ന മുറയ്ക്ക് കമ്മ്യൂണിറ്റിഹാളിന്റെ ശോചനീയവസ്ഥ പരിഹരിച്ച് സമീപവാസികൾക്ക് ഉപകാരപ്രദമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 9/17.12.2018

**2-6** <u>ആശുപത്രികളുടെ രജിസ്റ്റ്ട്രേഷൻ ഫീസ് ഈടാക്കുന്നില്ല.</u>

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ രജിസ്റ്റർ ചെയ്ത് ഫീസ് ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഒരു ഡെന്റൽ ക്ലിനിക്കും ഒരു ലബോറട്ടറിയും രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കി.എന്നാൽ പഞ്ചായത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ആയുർവേദ ചികിത്സാലയങ്ങളും ഹോമിയോക്ലിനിക്കുകളും പ്രവർത്തിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇവയുടെ വിവരങ്ങൾ ശേഖരിച്ച് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രവർത്തിക്കുന്നതായി കണ്ട ആശുപത്രികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. കോട്ടയ്ക്കൽ ആര്യവൈദ്യശാലാ ചികിത്സാലയം
2. ഉഷശ്രീ ആയുർവേദ ആശുപത്രി
3. ഉഷസ്സ് ഹോമിയോക്ലിനിക്ക്.

ടി സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റ് ആശുപത്രികൾ,പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -9/ 17.12.2018

## 2-7. ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 45,778/--രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ടെണ്ടർ ഫാറവില (രൂപ) |
|---|---|---|
| 1. | വെരുകുഴി മഹാദേവർമൺ റോഡ് ഉയർത്തൽ പൈപ്പ് കൾവേർട്ട് (170/2017-18) | 1,792/- |
| 2. | ചേകം അംഗൻവാടി കെട്ടിടം (217/2017-18) | 1,120/- |
| 3. | അമ്പലം കരിക്കുഴി റോഡ് കൾവേർട്ട് (187/2017-18) | 2,016/- |
| 4. | എൽ പി യു.പി സ്കൂൾ പുനരുദ്ധാരണം (221/2017-18) | 2,128/- |
| 5. | വാഴങ്ങോട് കിഴക്കേമുറി അംഗൻവാടി നിർമ്മാണം (218/2017-18) | 1,232/- |
| 6. | പിറവന്തൂർ പി .എച്ച് സി പുനരുദ്ധാരണം (212/2017-18) | 1,904/- |
| 7. | മൂന്നാം റോഡ് സംരക്ഷണഭിത്തി. (198/2017-18) | 1,232/- |
| 8. | ഓന്തുപാറ സന്യാസികോൺ റോഡ് (121/2017-18) | 1,344/- |
| 9. | പുളിയാനിക്കര തച്ചക്കോട് സംരക്ഷണഭിത്തി.(164/2017-18) | 1,344/- |
| 10. | അലിമുക്ക് ആനക്കുളം ഏലാ റോഡ് സംരക്ഷണഭിത്തി (167/2017-18) | 1,344/- |
| 11. | പറലോട് റോഡ് സംരക്ഷണഭിത്തി. (259/2017-18) | 1,120/- |
| 12. | ഒന്നാം റോഡ് സംരക്ഷണഭിത്തി (197/17-18) | 1,120/- |
| 13. | വട്ടക്കോട് താഴെ ചെറുപാൺട്ട റോഡ് സംരക്ഷണഭിത്തി ( 189/2017-18) | 1,120/- |
| 14. | മഞ്ഞംകുന്ന് കാവ് റോഡ് റീടാറിംഗ് (176/17-18) | 1,200/- |
| 15. | എക്കികാട്ടൂർ അമ്പലം മൂന്നാംമല റോഡ് സംരക്ഷണഭിത്തി. (151/2017-18) | 1,120/- |
| 16 | കീഴയം മുൺടൻകോൺ കനാൽ റോഡ് (141/2017-18) | 1,232/- |
| 17 | പേരവിളപ്പാടി ത്രിവേണി റോഡ് (152/2017-18) | 1,344/- |

| | | |
|---|---|---|
| 18 | ചേകം കടയ്ക്കാമൺ റോഡ് റീടാറിംഗ് ( 183/2017-18) | 1,344/- |
| 19 | പുന്നല നെല്ലിമുറിപ്പ് റോഡ് സംരക്ഷണഭിത്തി ( 133/2017-18) | 2,800/- |
| 20 | തോൻകോട് റോഡ് റീടാറിംഗ് ( 100/2017-18) | 1,344/- |
| 21 | കോട്ടാറമല എലാ റോഡ് റീടാറിംഗ് (156/2017-18) | 1,344/- |
| 22 | പാവുമ്പാ എലികാട്ടൂർ റോഡ് റീടാറിംഗ് (327/2017-18) | 1,344/- |
| 23 | സർക്കാർ അർദ്ധസർക്കാർ സ്കൂളുകളിൽ ടോയിലറ്റ് (317-2017-18) | 1,232/- |
| 24 | അംഗൻവാടി പുനരുദ്ധാരണം (222/2017-18) | 1,232/- |
| 25 | പി.എച്ച്.സി അടിസ്ഥാനസൗകര്യം (212/2017-18) | 1,904/- |
| 26 | വലിയറപച്ച തലയ്ക്കൽ റോഡ് സംരക്ഷണഭിത്തി. (171/2017-18) | 1,120/- |
| 27 | അലിമുക്ക് ആനക്കുളം എലാ റോഡ് സംരക്ഷണഭിത്തി. ( 167/2017-18) | 1,344/- |
| 28 | കൊല്ലാല കടയ്ക്കാമൺ റോഡ് റീടാറിംഗ് (184/2017-18) | 1,120/- |
| 29 | കമ്പിപ്പാറ മാലമുക്ക് റോഡ് റീടാറിംഗ് ( 181/2017-18) | 1,232/- |
| 30 | ചീയോട് ആയിരവല്ലിക്കര റോഡ് റീടാറിംഗ് (182/2017-18) | 2,098/- |
| 31 | ചേകം-കടയ്ക്കാമൺ റോഡ് റീടാറിംഗ് (183/2017-18) | 1,344/- |
| 32 | കോട്ടാമല നട ഏലാ റോഡ് സംരക്ഷണഭിത്തി (156/2017-18) | 1,344/- |
| | ആകെ | 45,778/- |

## ഭാഗം-3

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാടശേഖര സമിതിയ്ക്ക് കൈമാറിയ യന്ത്രോപകരണങ്ങൾക്ക് അറ്റകുറ്റപ്പണി -തുക നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | സമഗ്ര നെൽക്കൃഷി വികസനം(അടിസ്ഥാന സൗകര്യ വികസനം) |
| പ്രോജക്ട് നം | 276/18 |
| അടങ്കൽ | 1,00,000/-രൂപ (വികസനഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | 87,307/- രൂപ |
| ബിൽ നം/തുക | 1/28.10.17-23,819/- രൂപ<br>18/24.01.18-63,488/-രൂപ |
| നിർവ്വഹണം | കൃഷി ഓഫീസർ |

നിലവിൽ പുന്നല, അത്തിക്കൽ പാടശേഖര സമിതികളുടെ കൈവശമുള്ള ടില്ലറുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് 10 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി വ്യാപിപ്പിക്കുവാനാണ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. യന്ത്രഭാഗങ്ങളുടെ വില, പണിക്കൂലി എന്നീയിനങ്ങളിൽ 87,307രൂപ കൊട്ടാരക്കരയിലെ കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ ടില്ലറുകൾ പരിശോധിക്കാനായി 18.12.18ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പുന്നല ഏലായിലെ വയലിൽ പ്രവർത്തന രഹിതമായ നിലയിൽ ഒരെണ്ണം കണ്ടെത്തി. കെയ്ക്കോ പണി ചെയ്ത ടില്ലറാണോ എന്ന പരിശോധിക്കാൻ എൻജിൻ നമ്പരോ ചേസിസ് നമ്പരോ പോലും വ്യക്തമാകാത്ത നിലയിൽ നാശോന്മുഖമായ അവസ്ഥയിലാണ് ടില്ലർ. രണ്ടാമത്തെ ടില്ലർ നേരിട്ട് കാണാൻ കഴിഞ്ഞില്ല. എവിടെ സൂക്ഷിക്കുന്നുവെന്ന പോലും വ്യക്തമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല.

കാർഷികോപകരണങ്ങൾ വാങ്ങിയ വേളയിൽ കൃഷി ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെയും പാടശേഖര സമിതിയ്ക്ക് കൈമാറിയതിന്റെയും നാളിതു വരെയുള്ള വരവുചെലവുകളുടെ കണക്കുകൾ പാടശേഖര സമിതി ഹാജരാക്കിയതിന്റെയും രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ യന്ത്രങ്ങളുടെ അപര്യാപ്തത മൂലം നെൽക്കൃഷി മുടങ്ങാതിരിക്കാനാണ് മതിയായ വരുമാനമില്ലാത്ത പാടശേഖര സമിതികളുടെ കൈവശമുണ്ടായിരുന്ന ടില്ലറുകൾ സർക്കാർ സ്ഥാപനമായ കെയ്ക്കോയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റിപ്പയർ ചെയ്തതെന്നും ആയതിനാൽ തരിശു നിലമുൾപ്പെടെയുള്ള 10 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനും സാധിച്ചു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് ബാധകമായ മാർഗ്ഗരേഖ (ജി.ഒ.എം.എസ്-80/17, ത.സ്വ.ഭ.വ;03.04.2017) ഖണ്ഡിക-08.1.7യിൽ പാടശേഖര സമിതികൾക്കും സംഘങ്ങൾക്കും കൈമാറുന്ന യന്ത്രങ്ങളുടെ സംരക്ഷണച്ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം.അപ്രകാരമുള്ള ചെലവുകൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇപ്രകാരം മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 87,307/-രൂപ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി നം-14/18.12.18

നിരാകരിച്ച തുക-87,307/-രൂപ

## 3-2 <u>വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല-**10,50,000/-** രൂപ തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം ചെലവ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ചെലവഴിച്ച തുക (₹) | ഫണ്ടിനം | കൈപ്പറ്റിയ സ്ഥാപനം | ബിൽ/ചെക്ക് നം; തീയതി |
|---|---|---|---|---|---|
| 1. | 290/18. ഐ.കെ.എംന് വിഹിതം നൽകൽ | 1,50,000/- | വികസന ഫണ്ട് (പൊതു വിഭാഗം) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം | 5/17-18 05.10.2017 |
| 2. | 291/18, ജീവനം-സൗജന്യ ഡയാലിസിസ് | 1,00,000 | വികസന ഫണ്ട് (പൊതു വിഭാഗം) | ജില്ലാ പഞ്ചായത്ത് | 12/17-18 27.02.18 |
| 3 | 297/18, എസ്.എസ്.എ വിഹിതം | 8,00,000 | വികസനഫണ്ട് (പൊതു വിഭാഗം) | ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കൊല്ലം | 03/17-18 16.08.17 |
| | ആകെ | 10,50,000/- | | | |

വിനിയോഗസാക്ഷ്യപത്രങ്ങൾ/പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് ,ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 10,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി നം/ തീയതി 15/18.12.18

തടസ്സപ്പെടുത്തിയ തുക – 10,50,000/-രൂപ

## 3-3 രേഖകൾ ഇല്ല.പത്താംതരം,പന്ത്രണ്ടാം തരം തുല്യതാ പരീക്ഷയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | പത്താംതരം തുല്യത | പന്ത്രണ്ടാം തരം തുല്യത |
|---|---|---|
| പ്രോജക്ട് നം | 199/2018 | 277/18 |
| ഫണ്ടിനം | തനതുഫണ്ട് | തനതുഫണ്ട് |
| ചെലവ് | 22750/- | 13650 |
| ചെക്ക് നം/തീയതി | 148491/02.02.2018 | 148511/14.02.18 |
| നിർവഹണം | ഗ്രാമപഞ്ചായത്ത്സെക്രട്ടറി | ഗ്രാമപഞ്ചായത്ത്സെക്രട്ടറി |

കൊല്ലം ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുടെ 09.01.2018ലെ DLM/KLM /A2/15-16 നം കത്തിന്റെ അടിസ്ഥാനത്തിൽ 13പഠിതാക്കൾക്കു പത്താംതരം തുല്യതാ പരീക്ഷയ്ക്കു വേണ്ടി 22750/-രൂപയും 7പഠിതാക്കൾക്കു പന്ത്രണ്ടാംതരം തുല്യതാപരീക്ഷയ്ക്കു വേണ്ടി 13,650/-രൂപയും കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 57026996123, 028801001137എന്നീ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ പഠിതാക്കളുടെ പ്രവേശനത്തിനുള്ള അപേക്ഷാഫോം മാത്രമാണ് പരിശോധനയ്ക്കു ലഭ്യമാക്കിയത്. അപേക്ഷകരിൽ പട്ടിക ജാതിക്കാർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പഠിതാക്കളുടെ രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ളാസ്സുകളുടെ വിവരങ്ങൾ , പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ രണ്ടു പദ്ധതികൾക്കുമായി സാക്ഷരതാ മിഷനു കൈമാറിയ 36,400/-രൂപ തടസ്സപ്പെടുത്തുന്നു.വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

എൻക്വയറി നം-15/18.12.2018

തടസ്സപ്പെടുത്തിയ തുക – 36,400/-രൂപ

## 3-4 ഭവന നിർമ്മാണ പദ്ധതി-പണി പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് | സർക്കാർ പദ്ധതി പ്രകാരമുള്ള പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം |
|---|---|---|
| പ്രോജക്ട് നം | 153/18 | 237/18 |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി) | വികസനഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 1,80,000/-രൂപ | 7,45,000/-രൂപ |
| ബിൽ നം/തീയതി | 12/11.12.17 | 14/30.01.18 |
| നിർവഹണം | വി.ഇ.ഒ (വന്മള സർക്കിൾ) | വി.ഇ.ഒ (കിഴക്കേ മുറി സർക്കിൾ) |
| പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, നാളിതു വരെ കൈപ്പറ്റിയ തുക | സുനിതകുമാരി, വേങ്ങ വിള വീട്, ചീവോട്, വാർഡ്XI,40,000/- | 1)ജയ,ശ്രീരാജ് ഭവനം, കമുകംചേരി,1,30,000/- 2)സൂസമ്മ, കുറുമ്പകര വീട്, വാർഡ്XI,1,80,000/- |

മുൻ വർഷങ്ങളിൽ വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ആദ്യ ഗഡു സർക്കാർ സഹായം കൈപ്പറ്റിയിട്ടുള്ളവരും പണി പൂർത്തീകരിക്കാത്തവരുമായ ഗുണഭോക്താക്കൾക്ക് ആനുപാതിക തുക നൽകി വീടു പണി പൂർത്തീകരിക്കാനാണ് പദ്ധതി ആവിഷ്കരിച്ചത്.

ഗുണഭോക്താക്കൾ മുൻപ് അംഗമായിരുന്ന ഭവന പദ്ധതിയുടേയും ആയതു പ്രകാരം കൈപ്പറ്റിയ തുകകളുടേയും വിശദാംശങ്ങൾ വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ പുതിയ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുന്ന ആനുപാതിക തുകയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 ജാഗ്രതാ സമിതി-പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ (ജി.ഒ -എം.എസ്-80/17;ത.സ്വ.ഭ.വ 03.04.2017) 30.2, 3 ഖണ്ഡികകളിൽ ജാഗ്രതാ സമിതി, ജെന്റർ ഡസ്ക് എന്നിവയുടെ രൂപീകരണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. തൻവർഷം " ജാഗ്രതാ സമിതിയ്ക്ക് പരാതിപ്പെട്ടി വാങ്ങൽ "എന്ന പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം-174/18) 12 പരാതിപ്പെട്ടികൾ വാങ്ങി വിവിധ അംഗനവാടികളിൽ സ്ഥാപിച്ചിട്ടുണ്ട്. ലഭ്യമായ പരാതികളിന്മേൽ സ്വീകരിച്ച തുടർനടപടികളും ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളും അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ , വാർഡു തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തനം നടത്തുന്ന അംഗനവാടികളിലും കമ്മ്യൂണിറ്റി സെന്ററുകളിലുമാണ് പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതെന്നും ലഭിക്കുന്ന പരാതികളിന്മേൽ സമിതി പരിഹാരം കാണുന്നുണ്ടെന്നും, പരാതികളും സമിതിയുടെ മിനിറ്റ്സും അതാത് അംഗനവാടികളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും പരാതികളൊന്നും ലഭിക്കാത്ത വാർഡുകളിലും മൂന്ന് മാസത്തിലൊരിക്കൽ ജാഗ്രതാ സമിതി കൂടുന്നുണ്ടെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥിനികളുടേയും വനിതകളുടേയും സുരക്ഷയ്ക്ക് പരാതി പരിഹാരത്തിനും കൗൺസിലിംഗിനും മാനസികാരോഗ്യത്തിനും സഹായകരമായ വിധത്തിൽ ജെന്റർ ഡസ്ക് രൂപീകരിച്ചിട്ടില്ല.

സാമൂഹ്യക്ഷേമം, വനിതാവികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ വാർഡു തല ജാഗ്രതാ സമിതിയുടെയും ജന്റർ ഡസ്കിന്റെയും രൂപീകരണമുണ്ടാകണമെന്ന നിർദ്ദേശമുണ്ടായിട്ടുള്ളതാണ്. മാറുന്ന സാമൂഹ്യ ചുറ്റുപാടിൽ പെൺകുട്ടികളുടെയും സ്ത്രീകളുടേയും വ്യക്തിപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹരിക്കാനും ജന്റർ ഡസ്കിന്റെ രൂപീകരണം അത്യാവശ്യമാണ്. ഈ വിഷയത്തിൽ ഉചിതമായ തീരുമാനം ഭരണ സമിതിയും ഉദ്യോഗസ്ഥരും കൈക്കൊള്ളേണ്ടതാണ്.

എൻക്വയറി നം-16/18.12.2018

## 3-6 സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരം ഒടുക്കുന്നു.

2017-18 സാമ്പത്തിക വർഷം 07/18-ാം നം പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നും 5,35,500/- രൂപ വെള്ളക്കരമിനത്തിൽ

അടവാക്കിയിട്ടുണ്ട്.വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയാണ് ഒടുക്ക് വരുത്തിയിരിക്കുന്നത്. 102 ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റി തുക ഈടാക്കുന്നത്.

ഡിമാന്റ്നോട്ടീസ് അനുസരിച്ചുള്ള തുകപ്രതിമാസം തനതുഫണ്ടിൽ നിന്നും ഒടുക്കുകയും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക റീ ക്ലപ്പ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. കുടിവെള്ള ടാപ്പുകളുടെ എണ്ണം സംബന്ധിക്കുന്ന വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഉപയോഗശൂന്യമായത്, ഉപയോഗയോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികരിക്കുന്ന വെള്ളക്കരക്കുടിശ്ശികയെക്കുറിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായ പരാമർശങ്ങളുണ്ടെങ്കിലും സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ജലത്തിനു മാത്രം തുക അടവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.

ജി.ഒ(ആർ .ടി) 2242/2011 തസ്വഭവ തീ 28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതികൾ കൂടുതലായി ഏറ്റെടുക്കുകയും ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നിർത്തലാക്കുകയും ചെയ്ത് പ്രതി വർഷം ഗണ്യമായ തുക വാട്ടർ അതോറിറ്റിക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-7 <u>അങ്കണവാടികളിൽ അപര്യാപ്തത മാത്രം - കെട്ടിടങ്ങൾ സുരക്ഷിതമല്ല - അടിസ്ഥാനസൗകര്യങ്ങൾ ഇല്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 41അംഗനവാടികളിൽ 33 എണ്ണം സ്വന്തം കെട്ടിടങ്ങളിലും 5 എണ്ണം ഗ്രാമ പഞ്ചായത്ത് വക മറ്റു കെട്ടിടങ്ങളിലും 3 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 5 അംഗനവാടികൾ അൺ ഫിറ്റ് ആണെന്നും ആയവയിൽ ക്ലാസ്സുകൾ നടത്തരുതെന്നും 09.01.2018ൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖാമൂലം ഐ.സി.ഡി.എസ് സൂപ്പർവൈസറെ അറിയിച്ചിരുന്നു.(കത്ത് നം-A2/LSGD/PVR/8/2017) .അംഗനവാടികളുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിലും അൺഫിറ്റ് സർട്ടിഫിക്കറ്റ് ഉള്ള കടയ്ക്കാമൺ, മൂന്നാം മല, മഹാദേവർമൺ എന്നീ 3 അംഗനവാടികളിൽ ക്ലാസ്സുകൾ നടക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2-ാം നം അംഗനവാടിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽക്കൂരയിലെ ഓടുകൾ പൊട്ടിയടർന്ന നിലയിലും ഭിത്തികൾ വിള്ളൽ വീണ നിലയിലുമാണെന്ന് കണ്ടു. അത്യന്തം അപകടകരമായ നിലയിലുള്ള ഈ അംഗനവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത്

ഉചിതമായ നടപടിയല്ല.കുഞ്ഞുങ്ങളുടെ ജീവന ഭീഷണിയായ ഈ കെട്ടിടത്തിൽ നിന്നും അടിയന്തിരമായി ക്ളാസ്സുകൾ ഒഴിപ്പിക്കുകയും പകരം താൽക്കാലിക സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്. കെട്ടിടത്തിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷം ക്ളാസ്സുകൾ നടത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

2017-18 വർഷത്തിൽ അംഗനവാടികളിൽ നടത്തിയ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി അംഗനവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന വനിതാ ശിശു വികസന വകുപ്പിന്റെ നം-ICDS/B1-24795/17 കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച ലിസ്റ്റ് ചുവടെ ചേർക്കുന്നു.

സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗനവാടികളുടെ എണ്ണം-7

സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണം-2

അറ്റകുറ്റപ്പണികൾ ആവശ്യമായവ-6 എണ്ണം

'ടോയ്‌ലെറ്റ് ഇല്ലാത്തവ-1എണ്ണം

'ടോയ്‌ലെറ്റിന് അറ്റകുറ്റപ്പണികൾ ആവശ്യമായവ-6 എണ്ണം

ചുറ്റു മതിൽ ആവശ്യമായവ-4 എണ്ണം

കുടിവെള്ള സൗകര്യം ഏർപ്പെടുത്തേണ്ടവ-9 എണ്ണം

കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ലാത്തവ -3എണ്ണം

ധാന്യ സംഭരണി ആവശ്യമായവ -22 എണ്ണം

അലമാര ആവശ്യമായവ -34എണ്ണം

കുക്കർ ആവശ്യമായവ -39 എണ്ണം

മേശ ആവശ്യമായവ-25 എണ്ണം

2017-18 വാർഷിക പദ്ധതി രൂപീകരണത്തിനു മുന്നോടിയായി നടത്തിയ സാമൂഹ്യക്ഷേമം,വനിതാവികസനം എന്നീ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും വികസന സെമിനാറിലും അംഗനവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം ശക്തമായിത്തന്നെ ഉയർന്നു വന്നിട്ടുള്ളതാണ്.സംയോജിത ശിശു വികസന പദ്ധതിക്കായി കേന്ദ്രവിഹിതമിനത്തിൽ ലഭ്യമായ 25,46,068/-രൂപ തനത്ഫണ്ടിൽ ശേഷിക്കുന്നതായി വാർഷികധനകാര്യപത്രികയിൽ നിന്നും വ്യക്തമാകുന്നു. പ്രസ്തുതതുക അങ്കണവാടി അടിസ്ഥാനസൗകര്യവികസനത്തിനായി ഉപയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അടിയന്തിര ആവശ്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി

അങ്കണവാടികൾ വഴി ലക്ഷ്യംവയ്ക്കുന്ന സാമൂഹ്യമായ ഉന്നമനം ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

എൻക്വയറി നം-16/18.12.2018

**3-8** നിലവിൽ ഇല്ലാത്ത ബൾബുകൾക്കും സോഡിയം വേപ്പർ ലാമ്പുകൾക്കും കറണ്ട് ചാർജ്ജ് നൽകി

ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളായി ഓർഡിനറി ബൾബുകളും സോഡിയം വേപ്പർ ലാമ്പുകളും നിലവിലില്ല. എന്നാൽ പ്രതിമാസം 25,757/- രൂപ നിരക്കിൽ 3,09,084/-രൂപ ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജായും 13,677/- രൂപാ നിരക്കിൽ 1,64,124/- രൂപയും സോഡിയം വേപ്പർ ലാമ്പുകളുടെ വൈദ്യുതി ചാർജ്ജായും കെ.എസ്.ഇ.ബിയ്ക്ക് തൻവർഷം നൽകിയിട്ടുണ്ട്. 21-4-2017 തീയതീയിലെ BO(FTD) No. 1043/2017/KSEB/TRAC/Tariff revision /2017-18/Tvpm. നമ്പർ താരിഫ് റിവിഷൻ ഉത്തരവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിന് നൽകിയ BB/Street light/2017-18 തീ.1-6-17 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിലെ സാധാരണ ബൾബുകളുടെയും സോഡിയം വേപ്പർ ലാമ്പുകളുടേയും എണ്ണവും , നിരക്കും താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | കാറ്റഗറി | എണ്ണം | വാട്ട് | നിരക്ക് | തുക (₹) |
|---|---|---|---|---|---|
| 1 | സാധാരണബൾബ് | 48 | 40 | 66 | 3,168 |
| 2 | സാധാരണബൾബ് | 210 | 60 | 102 | 21,420 |
| 3 | സാധാരണബൾബ് | 7 | 100 | 167 | 1,169 |
| 4 | സോഡിയം വേപ്പർ ലാമ്പ് | 30 | 250 | 447 | 13,410 |
| 5 | സോഡിയം വേപ്പർ ലാമ്പ് | 1 | 150 | 267 | 267 |

പഞ്ചായത്തിലെ തെരുവുവിളക്കിന് വേണ്ടി നിലവിൽ സാധാരണബൾബ് വാങ്ങുന്നുണ്ടോയെന്നും ആയതിന്റെ പരിപാലനത്തിനായി തുക നൽകുന്നതിന്റെ നിരക്ക് എന്നിവ വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

തെരുവു വിളക്കുകളുടെ വിശദ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷം പുതിയ തെരുവു വിളക്ക് വാങ്ങൽ (പ്രോജക്ട് നം-292/18 സ്പിൽ ഓവർ), എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം-24/18) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 2472 എൽ.ഇ.ഡി ബൾബുകൾ വാങ്ങിയിരുന്നു. ഗ്രാമപഞ്ചായത്ത് വർഷങ്ങളായി ഓർഡിനറി ബൾബുകൾ വാങ്ങുകയോ അറ്റകുറ്റപ്പണി ചെയ്യുകയോ ചെയ്തിട്ടില്ല.

തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കു വരുത്തുന്ന തുകയുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല. ബൾബുകളുടെ വിശദ വിവരങ്ങളടങ്ങിയ തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**3-9** ശിങ്കാരി മേളം പരിശീലനവും ഗ്രൂപ്പ് സജ്ജമാക്കലും-വിഭാവനം ചെയ്ത രീതിയിൽ പ്രോജക്ട് നടപ്പിലാക്കിയില്ല. നൂറു ശതമാനം സബ്സിഡി നൽകി

1)പ്രോജക്ട് നമ്പർ 254/17

പ്രോജക്ട് ശിങ്കാരി മേളം പരിശീലനവും ഗ്രൂപ്പ് സജ്ജമാക്കലും

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ 4,50,000/-രൂപ

വികസനഫണ്ട്(scp)-1,00,000/-രൂപ

ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ -3,50,000/-രൂപ

ചെലവ് --95,000/-രൂപ(ബിൽ നമ്പർ 6/17-18/21-10-17)

സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 80/2017/ തസ്വഭവ , തീയതി 3-4-2017 ലെ ഖണ്ഡിക 13 പ്രകാരം വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനം ആകാം. പരിശീലനത്തിനു മാത്രമായി പ്രോജക്ട് പാടില്ല. പത്തു ശതമാനം തുക പരിശീലനാർത്ഥികളുടെ വിഹിതം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പ്രസതുത പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ടിട്ടില്ല. 2016-17വർഷത്തെ പ്രസ്തുത പ്രോജക്ടിന് ടെണ്ടർനൽകിയത് 10-3-2017 ൽ കമ്മിറ്റി അംഗീകരിക്കുകയും 28-3-2017 മുതൽ 30-6-2017 വരെ പരിശീലനം നൽകിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ആകെ ഒരു ഗ്രൂപ്പ് (കടയ്ക്കാമൺ സി.ഡി.എസ്സ്) മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സ്വരലയ എസ്.സി. ആക്റ്റിവിറ്റി ഗ്രൂപ്പ് രജിസ്റ്റർ ചെയ്തിരിക്കുന്നത് (1954ലെ12 ാംമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രാക്കൽ ആക്റ്റ് പ്രകാരം) 25-10-17 ൽ ആണ്. 28-3-2017 ൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഗ്രൂപ്പിന് പരീശീലനം മാത്രം നൽകാനായി പ്രോജക്ട് വയ്ക്കുകയും ഗുണഭോക്തൃ വിഹിതം ഈടാക്കാതെ സബ്സിഡി നൽകാനുണ്ടായ കാരണവും വായ്പാ ബന്ധിത പ്രോജക്ട് ആയിട്ടും വായ്പ എടുത്ത് തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്ന 9,500/- രൂപയ്ക്ക് പകരമായി വികസനഫണ്ടിൽ നിന്നുമുള്ള ചെലവ് നിരാകരിക്കുന്നു. ഓഡിറ്റിൽ നിരാകരിക്കുന്നു. ഇല്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

പരീശീലനത്തിനു മാത്രമായി പ്രോജക്ട് വയ്ക്കാൻ പാടില്ലാ എന്ന നിർദ്ദേശം

നിലനിൽക്കേ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി പ്രോജക്റ്റ് നടപ്പിലാക്കിയെങ്കിലും ആയതിന്റെ തുടർച്ചയായി അതേ ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഗ്രൂപ്പിന് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പുതിയ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ ആവിഷ്കരിക്കുവാൻ പാടില്ലാത്തതാണ്. പുതിയതായി നടപ്പിലാക്കിയ പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2)പ്രോജക്റ്റ് നമ്പർ – 306/18

പ്രോജക്റ്റ് - ശിങ്കാരി മേളം പരിശീലനം കഴിഞ്ഞവർക്ക് വാദ്യോപകരണം

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ – 2,10,000/-രൂപ

വികസന ഫണ്ട് - 2,00,000/-രൂപ

മറ്റുള്ളവ നേരിട്ട് -10,000/-രൂപ

ചെലവ് – 1,10,880/-രൂപ

ബിൽ നമ്പർ 23/17-18/13-3-18

സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 80/2017/ തസ്വഭവ , തീയതി 3-4-2017 ലെ ഖണ്ഡിക 11-9 പ്രകാരം ഗ്രൂപ്പ് 5% ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കേണ്ടതായിരുന്നു. ആയത് ചെയ്യാതെ 100% സബ്സിഡി അനുവദിച്ചാണ് ഉപകരണങ്ങൾ വാങ്ങി നൽകിയിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 5,544/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 3/12-12-2018

നിരാകരിച്ച തുക-5,544 +9,500 = 15,044/-രൂപ

## 3-10 <u>അനധികൃത കെട്ടിടത്തിന് കിണർ ആൾമറകെട്ടാൻ ധനസഹായം</u>

പ്രോജക്റ്റ് നമ്പർ – 304/18

പ്രോജക്റ്റ് – കിണർ ആൾമറകെട്ട്

അടങ്കൽ - 6,30,000/-രൂപ

ചെലവ്-1,07,410/-രൂപ

ബിൽ നം. – 1/17-18/16-12-2017 – 29,410/-രൂപ

ബിൽ നം. – 11/17-18/ 22-01-2018 –42,000/-രൂപ

ബിൽ നം. – 20/17 -18/24.2.2018 –6,000/-രൂപ

ബിൽ നം. – 25/17 -18/26.3.18 –6,000/-രൂപ

ബിൽ നം. – 26/17 -18/27.3.18 –6,000/-രൂപ

ബിൽ നം. – 30/17 -18/27.3.18 –18,000/-രൂപ

നിർവഹണം-അസി.സെക്രട്ടറി

പ്രസ്തുത പ്രോജക്ടിൽ ബിൽ നമ്പർ 1/16-12-2017 പ്രകാരം ധനസഹായം നൽകിയ ശാലേഷ്, വിഷ്ണുഭവനം (വാർഡ് 10-UA -43) എന്നയാൾക്ക് ഉള്ളത് അനധികൃത കെട്ടിടം ആണ്. ആയതിന് ധനസഹായം (6,000/-രൂപ) നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗവും വനഭൂമി ആയതിനാൽ ആണ് ഇങ്ങനെ സംഭവിച്ചത് എന്നും 9-2-2016 തീയതിയിലെ സ.ഉ (സാധാ) നം. 536/2016/തസ്വഭവ. സർക്കാർ ഉത്തരവു പ്രകാരം വീട്ടു നമ്പരുള്ള വീടുകളുടെ പുനരുദ്ധാരണത്തിനായി ധനസഹായം നൽകാമെന്നുമാണ് അറിയിച്ചിരിക്കുന്നത്.

അനധികൃത കെട്ടിടം എന്ന വിഭാഗത്തിൽ നമ്പറിട്ട കെട്ടിടത്തെ കേരള പഞ്ചായത്ത് രാജ് നിയമം 235 W വകുപ്പ് പ്രകാരം പൊളിച്ചുകളയേണ്ടതോ മാറ്റം വരുത്തേണ്ടതോ ആയ കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തിയിട്ടുള്ളതിനാലും നിയമാനുസൃതമല്ലാത്ത കെട്ടിടം എന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതിനാലും പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ആയതിനായി ചെലവഴിച്ച 6,000/-ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

നിരാകരിച്ച തുക-6,000/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 4/13-12-2018

## **3-11** <u>അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ഉന്നത വിദ്യാഭ്യാസത്തിന് ലാപ്പ്ടോപ്പ്</u>

പ്രോജക്ട് നമ്പർ – 256/18(സ്പിൽ ഓവർ)

പ്രോജക്ട് -ഉന്നത വിദ്യാഭ്യാസ വിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ്

അടങ്കൽ -5,00,000/-രൂപ (വികസനഫണ്ട് – എസ്.സി.പി)

ചെലവ് – 2,88,000/-രൂപ

ബിൽ നമ്പർ 27/17-18/23-3-18 – 2,88,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ഉന്നതവിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് കിട്ടാനായി വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീ,കൃഷ്ണ.എസ് 2016-17 വർഷം വിദ്യാർത്ഥി ആയിരുന്നില്ല. അപേക്ഷയിൽ 2016-17 വർഷം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ടിയാൾ 2014-16 വർഷം ഡി.ഇ.എഡ്. വിദ്യാർത്ഥി ആയിരുന്നതിന്റെ രേഖകൾ ആണ് ഹാജരാക്കിയിരിക്കുന്നത് ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടിയാൾ 2017-18 വർഷം പഠിക്കുന്നുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ആയത് അംഗീകരിക്കുന്നില്ല. പ്രസ്തുത വിദ്യാർത്ഥിക്കു വേണ്ടി ചെലവഴിച്ച 28,800/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക-28,800/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ 4/13-12-18

**3-12** <u>കാലപഴക്കമില്ലാത്ത വീടിന് വീട് മെയിന്റനൻസ് നൽകി-</u>
പ്രോജക്ട് നമ്പർ 252/18 (സ്പിൽ ഓവർ)

പ്രോജക്ട് -ഹൗസ് മെയിന്റനൻസ് (വികസനഫണ്ട് – എസ്.സി.പി)

അടങ്കൽ -8,75,000/-രൂപ

ചെലവ് – 1,99,168/-രൂപ(ബിൽ നം. 3/17-18, തീയതി -11.8.2018)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രസ്തുത പ്രോജക്ടിൽ ബിൽ നമ്പർ 3/17-18 പ്രകാരം പിൻവലിച്ച 75,000/- രൂപയിൽ 25,000/- കൈപ്പറ്റിയ ശ്രീ. രാജേന്ദ്രൻ , ശരത്ത് ഭവൻ, നാലുസെന്റ് കോളനി എന്നയാളുടെ കെട്ടിടം 3/UA -5അസ്സസ്സ് ചെയ്തിരിക്കുന്നത് 23-8-2011ൽ

ആണ്. 2016-17 വർഷത്തെ പ്രോജക്ട് പ്രകാരം ഹൗസ് മെയിന്റനൻസിന് അർഹതയില്ലാത്ത ടിയാൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി കെട്ടിടത്തിന് കാലപ്പഴക്കം ഉണ്ടായിരുന്നു എന്നാണ് അറിയിച്ചത്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് അംഗീകരിക്കുന്നില്ല. ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക 25,000/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ 4/13-12-2017

**3-13** <u>മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല</u>
1)പ്രോജക്ട് നമ്പർ S0238/18

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ തുക 3,00,000/-രൂപ (ബിൽ നം. 2/17-18/11-01-2018)

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി 3,00,000/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കേരളാസ്റ്റേറ്റ് ഹോമിയോകോർപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നർകിയിട്ടുണ്ട്. പിറവന്തൂർ,കടയ്ക്കാമൺ, മുള്ളുമല ഡിസ്പൻസറികളിലായി 1 ലക്ഷം രൂപയുടെ വീതം മരുന്ന് വാങ്ങുന്നതിനാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചത്. എന്നാൽ പിറവന്തൂർ ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള 1 ലക്ഷം രൂപയുടെ മരുന്നു മാത്രമാണ് ടാക്സ് ഇൻവോയ്സ്

എൽ.എഫ്.1316/26.11.2018 പ്രകാരം ലഭ്യമായത്. 2 ലക്ഷം രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആദ്യം നൽകിയ ഇൻഡന്റ് HOMCO യിൽ ലഭിച്ചിട്ടില്ല എന്നറിഞ്ഞതിനെ തുടർന്ന് വീണ്ടും 27.10.2018 ഇൻഡന്റ് നൽകിയതിനാലാണ് മരുന്നുകൾ ലഭ്യമായതെന്നും ശേഷിക്കുന്ന മരുന്നുകൾ ഉടനെ ലഭ്യമാകുമെന്ന് HOMCO യിൽ നിന്നും അറിയിപ്പ് ലഭിച്ചുണ്ടെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

2)പ്രോജക്ട് നമ്പർ S0076/18

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർപി.എച്ച്.സി

അടങ്കൽ തുക 2,50,000/-രൂപ

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2,50,000/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് (ബിൽ നം 1/17-18 /12.01.2018,PRF 926/26.09.2017) . എന്നാൽ നാളിതുവരെ 1,38,749/- രൂപയുടെ മരുന്ന മാത്രമാണ് ലഭ്യമായത്.

<u>ലഭ്യമായ മരുന്നുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.</u>

| *ഇൻവോയ്സ് നം./തീയതി* | *തുക (രൂപ)* |
|---|---|
| 6521/14.08.2018 | 56,395/- |
| 7504/28.08.2018 | 9,341/- |
| 9540/30.9.2018 | 31,124/- |
| 11063/25.10.2018 | 35,712/- |
| 11888/03.11.2018 | 6,177/- |

1,11,251/-രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല . മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 13/18.12.18.
ഓഡിറ്റ് എൻക്വയറി നമ്പർ 18a/19.12.18.

### **3-14** <u>പ്രത്യേക ഘടകപദ്ധതികളിൽ ഉൾപ്പെടുത്താൻ അനുവാദമില്ലാത്ത പദ്ധതികൾ അവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു</u>

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ട്, എസ് സി പി , റ്റി.എസ്.പി, എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10% വനിത ഘടക പദ്ധതികൾക്കായും

5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവർക്കായും, 5% വൃദ്ധർക്കായും വകയിരുത്തണം. 2017-18 സാമ്പത്തിക വർഷം വനിത ഗൃഹനാഥയായ കുടുംബത്തിന് ഭവനനിർമ്മാണം (പ്രോജക്ട് നമ്പർ എസ്.ഒ.89/2018) എന്ന പദ്ധതി വനിതഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 1,20,000/-രൂപ ചെലവഴിച്ചു. വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതിയിൽ ഇത്തരം പ്രോജക്ട് ഉൾപ്പെടുന്നില്ല. സ.ഉ(എം.എസ്) നമ്പർ 72/2017/ത.സ്വ.ഭ.വ തീയതി 29.03.2017 13.3 വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് അതായത് സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കാൻ മുതലായവയും സമാനസ്വാഭാവമുള്ളവയും വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലായെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നു. പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

കുര്യോട്ടുമല പുനരധിവാസമേഖലയിലെ പ്ലോട്ട് നമ്പർ 33 ൽ ശ്രീ.രവി, പ്ലോട്ട് നമ്പർ 36 ൽ ശ്രീമതി.സുലോചന എന്നിവരുടെ വീടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും 6,52,000/-രൂപ 2016-17 സാമ്പത്തികവർഷം ലഭിച്ചിട്ടുണ്ട്. രണ്ട് വ്യക്തികൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന തരത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ്.

2017-18 ൽ യഥാക്രമം 2,10,000/-, 4,42,000/- രൂപ നിരക്കിൽ ശ്രീ.രവി, ശ്രീമതി.സുലോചന എന്നിവർക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പ്രോജക്ട് വയ്ക്കുകയും ആയത് ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുകയും ചെയ്തു. അസി.എഞ്ചിനീയറുടെ വിയോജനക്കുറിപ്പ് മറികടന്ന് ടെണ്ടർ നടപടികൾ സ്വീകരിയ്ക്കാതെ ഗുണഭോക്തൃസമിതിയെകൊണ്ടാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയത്. പ്രവൃത്തിയുടെ നിർവ്വഹണം സെക്രട്ടറിയാണ്.

(1) പ്രോജക്ട് പേര്/നമ്പർ

ശ്രീ.രവിയുടെ വീടിന് സംരക്ഷണഭിത്തി. / (Plot No. 33)

ഭരണാനുമതി ജി. 1780/09(1) തീയതി,08.03.2017

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

2,10,000/-രൂപ

സാങ്കേതികാനുമതി 2782/2017-18 തീയതി..05.06.2017

കരാർ ഉടമ്പടി 1/എ.ഇ. /17-18 തീയതി 06.06.2017

പ്രവൃത്തി ആരംഭിച്ച തീയതി 07.06.2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി 21.06.2017

കൺവീനർ – ജയ, അജയഭവൻ, കുര്യോട്ടുമല

എം.ബുക്ക് നമ്പർ – 99/2016-17

ആകെ ചെലവ് – 2,06,203/-രൂപ

കൺവീനർക്ക് നൽകിയ തുക - 1,91,769/-രൂപ (ചെക്ക്.നം. 1236011

തീയതി.19.07.2017)

വാറ്റ് 10,310/-രൂപ (ചെക്ക് നം. 1236012 തീയതി.

19.07.2017)

ഐ.ടി 2062/- (1236014 തീയതി.19.07.2017)

കെ.എൽ.ഡബ്ള്യൂ.ഡബ്ള്യൂ. എഫ്

2060/-രൂപ (1236013 തീയതി 19.07.2017)

(2)പ്രോജക്ടിന്റെ പേര്/നമ്പർ

<u>ശ്രീമതി.സുലോചനയുടെ വീടിന് സംരക്ഷണഭിത്തി</u>.(plot No.36)

ഭരണാനുമതി ജി. 1780/09(1) തീയതി,08.03.2017

4,42,000/-

സാങ്കേതികാനുമതി 2781/2017-18 തീയതി..05.06.2017

കരാർ ഉടമ്പടി 2/എ.ഇ. /17-18 തീയതി 06.06.2017

പ്രവൃത്തി ആരംഭിച്ച തീയതി 08.06.2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി 26.06.2017

എം.ബുക്ക് നമ്പർ 100/2016-17

കൺവീനർ – ജയ, അജയഭവൻ, കുര്യോട്ടുമല

ആകെ ചെലവ് 4,41,840/-

കൺവീനർക്ക് നൽകിയ തുക - 4,10,912/-രൂപ (ചെക്ക്.നം. 123600

തീയതി.19.07.2017)

വാറ്റ് 22092/-(ചെക്ക് നം. 1236008തീയതി.

19.07.2017)

ഐ.ടി 4418/-(1236009തീയതി.19.07.2017)

കെ.എൽ.ഡബ്ള്യൂ.ഡബ്ള്യൂ എഫ്

4418/- (1236010തീയതി 19.07.2017)

സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ,തീയതി 03.04.2017 ഖണ്ഡിക 14 പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ചെയ്യേണ്ട പ്രവൃത്തികളെ സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ട്. 14(4) പ്രകാരം 50,000/-രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കണം എന്നു പറയുന്നുണ്ട്. മേൽ പ്രവർത്തികൾ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഇപ്രകാരം ഗുണഭോക്തൃസമിതികൾ മുഖേന വ്യക്തികൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനാൽ ടി പദ്ധതിക്കായി ആകെ ചെലവഴിച്ച 6,48,043/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വിയോജനക്കുറിപ്പ് മറികടന്ന് പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളുടെ ബാധ്യതയായി ഇത് നിശ്ചയിക്കുന്നു. 18.05.2017-ലെ പ്രസ്തുത കമ്മിറ്റി തീരുമാനം അംഗീകരിച്ച് ഒപ്പുവച്ച ഭരണസമിതി അംഗങ്ങളിൽനിന്ന് ചെലവുതുക തുല്യമായി ഈടാക്കേണ്ടതാണ്. (ഭാഗം 4 ഖണ്ഡിക 9 കൂടി കാണുക).

## 3-16 വിജ്ഞാൻവാടി അംബേദ്ക്കർ ഗ്രാമംകെട്ടിടം-നിഷ്ക്രിയ ആസ്തിയായി മാറുന്നു.

കടയ്ക്കാമൺ വാർഡിൽ 2012-13 സാമ്പത്തിക വർഷം നിർമ്മിച്ച പഞ്ചായത്ത് അധീനതയിലുള്ള വിജ്ഞാൻവാടി അംബേദ്ക്കർ ഗ്രാമം എന്ന കെട്ടിടം ഉപയോഗിക്കാതെ അടച്ചിട്ടിരിക്കുന്നതായി കണ്ടെത്തി. 2017-18 സാമ്പത്തിക വർഷം കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചു എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഡ്രെയിൻനിർമ്മാണം, പെയിന്റിംഗ്, ടൈൽ ഇടൽ എന്നിവ ഉൾപ്പെടുത്തി പുനരുദ്ധാരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 1,99,980/-രൂപ ബിൽ നമ്പർ 37/17-18 തീയതി. 07.01.2018 പ്രകാരം ചെലവഴിച്ചു. സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം അടച്ചിട്ട നിലയിൽ കണ്ടെത്തി. തുറന്നിട്ട ജനൽ വഴി കണ്ടത് തയ്യൽ മെഷീൻ ഉൾപ്പെടെയുള്ള സാധനങ്ങൾ വാരിവലിച്ചിട്ട് പൊടിപിടിച്ച അവസ്ഥയിലാണ്. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 തീയതി.15.12.18 ന് സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണിതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഒന്നുംതന്നെ അവിടെ നടപ്പിലാക്കപ്പെടുന്നില്ലായെന്ന് വ്യക്തമായിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. വിഭാവന ചെയ്തപ്രകാരമുള്ള നടപടികൾ ആവിഷ്ക്കരിക്കുന്നതിന് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. വിഭാവനം ചെയ്ത രീതിയിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ ചെലവ് – 1,99,950/-രൂപ

## 3-17 ഹോമിയോ ആശുപത്രി കെട്ടിടം ഉദ്ഘാടനം കഴിഞ്ഞ് 3 വർഷമായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കടയ്ക്കാമൺ വാർഡിലെ കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന ആസ്ബറ്റോസ് ഷീറ്റ് പതിച്ച ഒരു ചായ്പിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രി തീരെ പരിതാപകരമായ അവസ്ഥയിൽ കണ്ടെത്തി. മരുന്ന സൂക്ഷിക്കുന്നതിന് രണ്ട് അലമാരകൾ മാത്രമുള്ള പ്രസ്തുത മുറിയിൽ കുറേയധികം മരുന്നുകൾ മേശയ്ക്ക് മുകളിൽ നിരത്തിവച്ചിരിക്കുന്നു. (ആസ്ബറ്റോസ് വഴി മഴവെള്ളം ഒഴുകിയിറങ്ങി മരുന്നുകളിൽ പതിയ്ക്കുന്ന സ്ഥിതിയിലാണ്.) പ്രസ്തുത കമ്മ്യൂണിറ്റി ഹാളിൽ കോൺക്രീറ്റ് ചെയ്ത ഒരേ ഒരു മുറിയാണുള്ളത്. ജീവൻ രക്ഷാമരുന്നുകൾ സുരക്ഷിതമായി പ്രസ്തുത മുറിയിൽ സൂക്ഷിക്കാം എന്നിരിക്കെ അവിടെ കണ്ടത് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വരലയ എസ്.സി ആക്ടിവിറ്റി ഗ്രൂപ്പിനു പ്രോജക്ട് വച്ച് നല്കിയ വാദ്യോപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്നതാണ്. പ്രസ്തുത മുറി പഞ്ചായത്ത് കരാർ വയ്ക്കാതെയാണ് ഗ്രൂപ്പിന് നല്കിയിട്ടുള്ളത്. 2014-15 ൽ ഹോമിയോ ആശുപത്രിക്കുവേണ്ടി നിർമ്മിച്ചതും, 03.10.2015 ൽ ഉദ്ഘാടനം ചെയ്യപ്പെട്ടതുമായ ആശുപത്രി കെട്ടിടം നാളിതുവരെ പണി പൂർത്തീകരിച്ച് ടി ആവശ്യത്തിന് നല്കാൻ പഞ്ചായത്ത് അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല. സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പിൻവശത്തെ ജനൽഗ്ലാസുകൾ അടിച്ചുപൊട്ടിച്ച നിലയിലും കണ്ടെത്തി. കെട്ടിടം ഉടൻ സജ്ജീകരിച്ച് ഹോമിയോ ആശുപത്രിക്ക് കൈമാറുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ശൃംഖലാ ബന്ധിത സൗരമേൽക്കൂര നിലയം സ്ഥാപിക്കൽ-പദ്ധതി നടത്തിപ്പ് - അപാകതകൾ

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ വൈദ്യുതി ഉപയോഗ ചാർജ് കുറയ്ക്കുക, ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബിക്ക് വിൽക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ശൃംഖലാ ബന്ധിത സൗരമേൽക്കൂര നിലയം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.10.12.2018 ൽ സൗരമേൽക്കൂര നിലയം കമ്മിഷൻ ചെയ്ത പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി, ഗ്രിഡിൽ നിന്നും ഉപയോഗിച്ച വൈദ്യുതി എന്നിവ വ്യക്തമാക്കുന്ന നെറ്റ് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

പ്രോജക്ട് -അലിമുക്കിലെ പുതിയ പഞ്ചായത്ത് കെട്ടിടത്തിന് സോളാർ പാനലിംഗ് ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ്
പ്രോജക്ട്നം -എസ്.ഒ.ഒ. 57/2017-18

നിർവ്വഹണം -അസി.എഞ്ചിനീയർ

അടങ്കൽ 26,38,999/-രൂപ വി.ഫണ്ട് (ലോകബാങ്ക് സഹായം, കേന്ദ്രവിഹിതം)

1 (തനത് ഫണ്ട്)

26,39,000/-രൂപ

ഭരണാനുമതി 1/07.04.2017

ബിൽ നമ്പർ /തുക 39/2017-18 തീയതി. 30.12.2017 – 7,59,683/-രൂപ

(ഇലക്ട്രിഫിക്കേഷൻ)

40/2017-18 തീയതി. 30.12.2017- 4,73,587/-രൂപ

71/2017-18 തീയതി. 20.02.2018 - 3,78,870/-രൂപ

(സോളാർ പാനലിംഗ്)

<u>പദ്ധതി നിർവ്വഹണം സംബന്ധമായ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

(1) അക്ഷയോർജ ഉപകരണങ്ങൾ അനർട്ട് എംപാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറിലൂടെ വാങ്ങണമെന്ന് 03.04.2017 ലെ സ.ഉ. (എം.എസ്) നം.80/2017/ത.സ്വ.ഭ.വ.ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ അനർട്ടിൽ എംപാനൽ ചെയ്യപ്പെട്ട കെൽട്രോണിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു.

(2) മേൽക്കൂര ഫ്ലാറ്റായ സ്ഥലത്ത് സ്ഥാപിക്കുന്ന 2 കിലോവാട്ട് മുതൽ 10 കിലോവാട്ട് വരെയുള്ള സൗരമേൽക്കൂര വൈദ്യുതനിലയങ്ങൾക്ക് MNRE നിശ്ചയിച്ച ബെഞ്ച് മാർക്ക് വില കിലോവാട്ടിന് 70,000/- രൂപയാണെന്ന് 2.06.17 ലെ ഡി.എ 1/244/2017 ത സ്വ.ഭ.വ സർക്കുലറിൽ വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ 2017-18 ലെ എംപാനൽഡ് ഏജൻസികളുടെ (സോളാർ കണക്ഷൻ) വിലവിവര പട്ടികയിൽ 10 കിലോവാട്ട് ശേഷിയുള്ള കെൽട്രോൺ സോളാർ പാനലിന് സബ്സിഡി സ്കീമിൽ ജി.എസ്.ടി ഉൾപ്പെടെ നിശ്ചയിച്ചിരിക്കുന്ന വില 6,90,000/-രൂപയാണ്. എന്നാൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 7,47,375/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അംഗീകാരം ഉൾപ്പെടെ സോളാർ പവർ പ്ലാന്റിന് വകയിരുത്തിയ ആകെ തുകയായ 9,47,175/- രൂപയിൽ 90% തുകയായ 8,52,457/- രൂപ നാളിതുവരെ ചെലവഴിച്ചിരിക്കുന്നു. സോളാർ പാനലിന്റെ വില സംബന്ധിച്ചുള്ള ബ്രേക്ക്അപ്പ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സോളാർ പാനലിന് നിശ്ചിത വില അധികരിച്ചോ എന്ന് വ്യക്തമായിട്ടില്ല.

(3) സൗരവൈദ്യുതനിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ത.സ്വ.ഭ സ്ഥാപനം ആയതിന്റെ പ്രൊപ്പോസൽ ഓൺലൈൻ ആയി സമർപ്പിക്കണമെന്നും ശൃംഖലാബന്ധിതസൗരനിലയത്തിന് പദ്ധതി നിർവ്വഹണ പുരോഗതിക്കനുസരിച്ച് കിലോവാട്ടിന് 16,250/- രൂപ വരെ ഇൻസെന്റീവ് ലഭിക്കുമെന്നും കേന്ദ്രസർക്കാരിന്റെ 30.03.2017 ലെ 03/88/2015-16GCRTനോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഇൻസെന്റീവ് നേടിയെടുക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

(4) സോളാർ വൈദ്യുതോർജ സംവിധാന ഉടമസ്ഥ് കെ.എസ്.ഇ.ബി.

വൈദ്യുതവരവ്-ചെലവ് ചീട്ട് നൽകുമെന്നും, സോളാർ ഐഡന്റിഫിക്കേഷൻ നമ്പർ (SPIN)നൽകുമെന്നും,കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ 10.06.2014 ലെ 2096/14 KSERC/14 നംമ്പർ ഉത്തരവിലും KSEB യുടെ 9.9.16 ലെ സി.ഇ.(ആർ.ഇ. ഇ.എസ്)പ്രോജക്ട്സ് എ.ഇ.ഇ. 6സോളാർ ജനറൽ 16-17 ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും സോളാർ ഐഡന്റിഫിക്കേഷൻ നമ്പർ നാളിതുവരെ വാങ്ങിയിട്ടില്ല.

(5) നിശ്ചിത സമയപരിധിക്കുള്ളിൽ സൗരോർജ്ജനിലയം പൂർത്തീകരിക്കുന്ന ഗുണഭോക്താവിന് രജിസ്ട്രേഷൻ ഫീസിന്റെ 80% തിരികെ നൽകുന്നതാണ് (നിലവിൽ പൂർത്തിയാക്കിയ സൗരോർജ്ജനിലയത്തിനും ഇത് ബാധകമാണ്, എന്ന് KSEB യുടെ 9.9.16 ലെ സി.ഇ.(ആർ.ഇ. ഇ.എസ്)പ്രോജക്ട്സ് എ.ഇ.ഇ. 6സോളാർ ജനറൽ 16-17 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/13.12.2018 ന് ഹാജരാക്കിയ മറുപടിയിൽ ഇൻസെന്റീവ്, രജിസ്ട്രേഷൻ ഫീസിന്റെ 80% തിരികെ, വരവ്-ചെലവ് ചീട്ട് എന്നിവ ഉടൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സോളാർ പാനലിന് നിശ്ചയിക്കപ്പെട്ടതിൽ അധികമായി തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തതയില്ലാത്തതിനാലും സോളാർ പാനൽ ഐഡന്റിഫിക്കേഷൻ നമ്പർ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും സോളാർ പാനലുകൾക്കായി ചെലവഴിച്ച 8,52,457/-രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 8,52,457/-രൂപ

### 3-19 <u>പഞ്ചായത്ത് മെമ്പർ ഹോമിയോഅറ്റൻഡർ ആയി ജോലി ചെയ്യുന്നു.</u>

കൊല്ലം ജില്ലയിൽ പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിൽ താല്കാലികമായി ആരംഭിക്കപ്പെട്ട വിവിധ ഹോമിയോപ്പതി ഹെൽത്ത് സെന്ററുകളിൽ ജി.ഒ (ആർ.ടി.) 1073/2011/എസ്.സി.എസ് ടി.സി. ഡി. തീയതി 5.11.2011 ഉത്തരവ് പ്രകാരം ദിവസവേതന വ്യവസ്ഥയിൽ അറ്റന്റർമാരെ നിയമിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പിറവന്തൂർ കടയ്ക്കാമൺ കോളനിയിൽ ജില്ലാ മെഡിക്കൽ ആഫീസ് (ഹോമിയോ)യുടെ 10.09.2012 ലെ നമ്പർ.എ1/786/2012/ഡി.എം.ക്യൂ.ഉത്തരവ് പ്രകാരം ശ്രീമതി.വനജാക്ഷി, പാറക്കുഴിയിൽ വീട്, കടയ്ക്കാമൺ കോളനി, പത്തനാപുരം എന്ന വ്യക്തിയെ 300/-രൂപ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടു. ഇവരുടെ പ്രവൃത്തിസമയം 9 മണി മുതൽ 3 മണിവരെയാണ്. ഓരോ 14 ദിവസം കൂടുമ്പോഴും ഒരു ദിവസത്തെ ബ്രേക്ക് എടുക്കാമെന്നും, ജോലിക്ക് ഹാജരാകുന്ന ദിവസങ്ങളിലെ ഹാജർ മെഡിക്കലാഫീസർ മസ്റ്റർ റോളിൽ രേഖപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥ പ്രകാരം അറ്റൻഡർ ആയി നിലവിലും ജോലിയിൽ തുടരുന്ന ശ്രീമതി.വനജാക്ഷി 2015 നവംബർ മുതൽ ഗ്രാമപഞ്ചായത്ത് അംഗം ആയി പ്രവർത്തിച്ചുവരികയാണ്. തെരഞ്ഞെടുപ്പ്

നോമിനേഷനോടൊപ്പം സമർപ്പിച്ച സത്യവാങ്മൂലം പകർപ്പ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22-ന ലഭ്യമാക്കിയ മറുപടിയിൽ റിട്ടേണിംഗ് ഓഫീസറുടെ കൈവശമാണെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കാം എന്നും അറിയിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെ. (30) പ്രകാരം സംസ്ഥാന, കേന്ദ്ര സർക്കാരിന്റെയോ, ത.സ്വ.ഭ.സ്ഥാപനത്തിന്റെയോ ഇവയാൽ നിയന്ത്രിക്കപ്പെടുന്ന കോർപ്പറേഷൻ, അല്ലെങ്കിൽ സംസ്ഥാന, കേന്ദ്ര, ത,സ്വ.ഭ.സ്ഥാപനത്തിനോ (51 ശതമാനത്തിൽ കുറയാത്ത ഓഹരി) ഉള്ള ഏതെങ്കിലും കമ്പനിയിലോ, സംസ്ഥാനത്തെ ഏതെങ്കിലും നിയമാധിഷ്ഠിത ബോർഡിലേയോ, ഏതെങ്കിലും സർവ്വകലാശാലയിലെയോ യാതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും, ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിലെ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ യോഗ്യത ഉണ്ടായിരിക്കുന്നതല്ല. അങ്കണവാടി, ബാലവാടി ജീവനക്കാരും ആശാവർക്കർമാരും സാക്ഷരതാ പ്രേരക്മാരും ഒഴികെയുള്ള പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 30-ാം വകുപ്പിനുള്ള 2-ാം വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജനവരി 2016 മുതലുള്ള ഹോമിയോപ്പതി ഹെൽത്ത് സെന്ററിലെ ഹാജർ പുസ്തകം, വാർഡു മെമ്പർമാരുടെ ഹാജർ പുസ്തകം എന്നിവ ഒത്തുനോക്കിയതിൽ ഹോമിയോപ്പതി ഹെൽത്ത്സെന്ററിൽ ഹാജരായ ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിലും പങ്കെടുത്തതായി കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജനറൽ കമ്മിറ്റി തീയതി/ സമയം | ജനറൽ കമ്മിറ്റിയിൽ ഹാജരായ സമയം |
|---|---|
| 03.05.2017/ 11.00എ.എം | 2.50 പി.എം |
| 10.05.2017 11.00എ.എം | രേഖപ്പെടുത്തിയിട്ടില്ല |
| 16.05.2017 11.00എ.എം | 12.30പി.എം |
| 18.05.2017 2.00പി.എം | 3.30പി.എം |
| 24.05.2017 2.00പി.എം | 4.00 പി.എം |
| 15.06.2017 2 .00പി.എം | രേഖപ്പെടുത്തിയിട്ടില്ല |
| 24.06.2017 2 .00പി.എം | രേഖപ്പെടുത്തിയിട്ടില്ല |
| 28.07.2017 2 .00പി.എം | 3.00 പി.എം |
| 18.08.2017 11.00എ.എം | 2.00 പി.എം |
| 15.09.2017 11.00 എ.എം | രേഖപ്പെടുത്തിയിട്ടില്ല |
| 13.10.2017 11 .00എ.എം | 11.30 എ.എം |
| 31.10.2017 11.00എ.എം | 11.45 എ.എം |
| 25.11.2017 11.00എ.എം | 2.45 പി.എം |

| | |
|---|---|
| 28.11.2017<br>11 .00എ.എം | രേഖപ്പെടുത്തിയിട്ടില്ല |
| 4.12.2017<br>11 .00എ.എം | 2.00 പി.എം |
| 14.12.2017<br>11.00 എ.എം | രേഖപ്പെടുത്തിയിട്ടില്ല |
| 19.12.2017<br>2.30 പി.എം | 3പി.എം |
| 3.01.2018<br>3.00 പി.എം | 3പി.എം |
| 30.01.2018<br>2.00 പി.എം | 2.30 പി.എം |
| 15.02.2018<br>3.00 പി.എം | 2.40 പി.എം |
| 5.03.2018<br>2.00 പി.എം | 2.40 പി.എം |
| 13.03.2018<br>3.00 പി.എം | രേഖപ്പെടുത്തിയിട്ടില്ല |
| 20.03.2018<br>2 പി.എം | 2.50 പി.എം |
| 26.03.2018<br>2 പി.എം | 2.00 പി.എം |
| 24.04.2018<br>2.45 പി.എം | രേഖപ്പെടുത്തിയിട്ടില്ല |
| 05.06.2018<br>12.40 പി.എം | രേഖപ്പെടുത്തിയിട്ടില്ല |
| 18.08.2018<br>11.50 എ.എം | രേഖപ്പെടുത്തിയിട്ടില്ല |

| | |
|---|---|
| 21.11.2018<br>2.45 പി.എം | 2.45 പി.എം |
| 03.12.2018<br>11 എ.എം | 1.00 പി.എം |
| 11.12.2018<br>11 എ.എം | 1.00 പി.എം |

കടയ്ക്കാമൺ വാർഡ് (18) മെമ്പർ ശ്രീമതി വനജാക്ഷി ഹോണറേറിയം സിറ്റിംഗ് ഫീസ് ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം/വർഷം | ഹോണറേറിയം (₹) | സിറ്റിംഗ് ഫീസ് (₹) | ആകെ (₹) |
|---|---|---|---|
| ഡിസംബർ 2015 | 3,500 | 120 | 3,620 |
| ജനുവരി 2016 | 3500 | 120 | 3620 |
| ഫെബ്രുവരി2016 | 3,500 | 240 | 3,740 |
| മാർച്ച് 2016 | 3,500 | 240 | 3,740 |
| ഏപ്രിൽ 2016 | 3,500 | 180 | 3,680 |
| മെയ് 2016 | 3,500 | 180 | 3,680 |
| ജൂൺ 2016 | 3,500 | 120 | 3,620 |
| ജൂലൈ 2016 | 7,000 | 240 | 7,240 |
| ആഗസ്റ്റ് 2016 | 7,000 | 300 | 7,300 |
| സെപ്റ്റംബർ 2016 | 7,000 | 60 | 7,060 |
| ഒക്ടോബർ 2016 | 7,000 | 180 | 7,180 |
| നവംബർ 2016 | 7,000 | 240 | 7,240 |
| ഡിസംബർ 2016 | 7,000 | 120 | 7,120 |
| ജനുവരി 2017 | 7,000 | 240 | 7,240 |
| ഫെബ്രുവരി 2017 | 7,000 | 240 | 7,240 |
| മാർച്ച് 2017 | 7,000 | 300 | 7,300 |
| ഏപ്രിൽ 2017 | 7,000 | 60 | 7,060 |
| മെയ് 2017 | 7,000 | 300 | 7,300 |
| ജൂൺ 2017 | 7,000 | 180 | 7,180 |

| | | | |
|---|---|---|---|
| ജൂലൈ 2017 | 7,000 | 120 | 7,120 |
| ആഗസ്റ്റ് 2017 | 7,000 | 120 | 7,120 |
| സെപ്റ്റംബർ 2017 | 7,000 | 120 | 7,120 |
| ഒക്ടോബർ2017 | 7,000 | 180 | 7,180 |
| നവംബർ 2017 | 7,000 | 180 | 7,180 |
| ഡിസംബർ 2017 | 7,000 | 240 | 7,240 |
| ജനുവരി 2018 | 7,000 | 600 | 7,600 |
| ഫെബ്രുവരി 2018 | 7,000 | 400 | 7,400 |
| മാർച്ച് 2018 | 7,000 | 1000 | 8,000 |
| ഏപ്രിൽ 2018 | 7,000 | 600 | 7,600 |
| മെയ് 2018 | 7,000 | 400 | 7,400 |
| ജൂൺ 2018 | 7,000 | 400 | 7,400 |
| ജൂലൈ 2018 | 7,000 | 600 | 7,600 |
| ആഗസ്റ്റ് 2018 | 7,000 | 0 | 7,000 |
| സെപ്റ്റംബർ 2018 | 7,000 | 400 | 7,400 |
| ഒക്ടോബർ2018 | 7,000 | 200 | 7,200 |
| നവംബർ 2018 | 7,000 | 400 | 7,400 |
| ആകെ | 2,27,500 | 9,620 | 2,37,120 |

കെ പി ആർ ആക്ട് സെക്ഷൻ 34 (കെ)പ്രകാരം സ്ഥാനാർത്ഥികളുടെ അയോഗ്യത എന്ന ശീർഷകത്തിൽ കേന്ദ്ര സർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ സർവ്വീസിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും ത സ്വ.ഭ.സ്ഥാപനത്തിന്റെ സർവ്വീസിൽ നിന്നോ അല്ലെങ്കിൽ 30 (1) ഉപവകുപ്പിൽ പരാമർശിച്ച മറ്റേതെങ്കിലും സർവ്വീസിൽ നിന്നോ പിരിച്ചുവിടപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുകയും അപ്രകാരം പിരിച്ചുവിട്ടതോ നീക്കം ചെയ്തതോ ആയ തീയതി മുതൽ അഞ്ചുവർഷം കഴിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ സ്ഥാനാർത്ഥിയാകാൻ അയോഗ്യനാണെന്ന് പറയുന്നു. പഞ്ചായത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി സദാസമയം പങ്കെടുക്കേണ്ട വ്യക്തിയാണ് പഞ്ചായത്ത്മെമ്പർ എന്നിരിക്കെ ഒരു സർക്കാർ സംവിധാനത്തിൽ ജോലി ചെയ്യുന്ന വ്യക്തി ഇപ്രകാരം പ്രവർത്തിച്ചുവെന്നത് ഗുരുതരമായ കുറ്റമായി ഓഡിറ്റിൽ വിലയിരുത്തുന്നു. പഞ്ചായത്തിലെ ജനക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രധാനതീരുമാനങ്ങളെടുക്കുന്ന കമ്മിറ്റികളിലും, ജനക്ഷേമപദ്ധതികളുടെ അംഗീകാരം അവയുടെ ഫണ്ട് വിനിയോഗം,ബജറ്റ് അംഗീകരിക്കൽ തുടങ്ങി എല്ലാ കമ്മിറ്റികളിലും കൃത്യമായും പങ്കെടുക്കേണ്ട ജനപ്രതിനിധി ഇപ്രകാരം പ്രവർത്തിക്കുക

അംഗീകരിക്കത്തക്കതല്ല. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 11(B)തീയതി 18.12.18 ന് ടിയാൾ ഹോണറേറിയം സിറ്റിംഗ് ഫീസ് എന്നിവ കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഒരേ കാലയളവിൽ ശമ്പളം , സേവനബത്ത എന്നിവ കൈപ്പറ്റുക സാധ്യമല്ലാത്തതിനാൽ തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് മേൽനടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അടിയന്തിരമായി ഭരണവകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും നടപടികളുടെ പുരോഗതി അതാത് സമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**3-20** <u>വൃക്ഷത്തൈ നടീൽ- ഫലപ്രാപ്തിയിലെത്താത്ത പദ്ധതി.</u>

പ്രോജക്ട് നമ്പർ – KLM/Ba/P57/52

പ്രോജക്ടിന്റെ പേര് – മൈക്കാമൺ വാർഡ് പൊതുസ്ഥലത്ത് വൃക്ഷത്തൈ വെച്ചുപിടിപ്പിക്കൽ

ഭരണാനുമതി നമ്പർ/തീയതി 8/ 23/12/2016

അടങ്കൽ തുക – 71600/-രൂപ

മസ്റ്റർറോൾ നമ്പർ - 172-224/2017-18

എം ബുക്ക് നമ്പർ 18/2017-18 പേജ് 6

ഫയൽ നമ്പർ – 52/NREGA/PVAR/17-18 തീയതി. 25.05.2017

പ്രവർത്തി നടത്തിയ തീയതി - 30.05.2017-05.06.2017

നിർവ്വഹണം – ജോൺ ഗോഡ്രിക്ക് ഗ്രീക്ക് ( അസി.സെക്രട്ടറി )

പ്രകൃതി വിഭവപരിപാലനവുമായി ബന്ധപ്പെട്ട മേൽ പ്രവൃത്തിക്കായി എഫ് .ടി.ഒ നമ്പർ 50103 തീയതി 12.06.2017പ്രകാരം 71,033/- രൂപ അനുവദിച്ചിരിക്കുന്നു. പുല്ല്, കുറ്റിച്ചെടി എന്നിവ നീക്കം ചെയ്യുന്നതിനും ഇടവിട്ടു കട്ടിയുള്ള മണ്ണിൽ കുഴിയെടുത്ത് സമീപ പ്രദേശത്ത് ലഭ്യമായ ഷോഫ്ലവർ, ശീമകൊന്ന എന്നീ വൃക്ഷകമ്പുകൾ ഉപയോഗിച്ച് വേലി നിർമ്മിക്കുന്നതിനും പ്രസ്തുത പ്രദേശത്ത് വൃക്ഷത്തൈ നട്ടുപിടിപ്പിക്കുന്നതിനും ഉദ്ദേശിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. 283 മനുഷ്യദിനങ്ങൾ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രസ്തുത പ്രവൃത്തിയിൽ വേതനം ഇനത്തിൽ 69,618/--രൂപ, മറ്റ് ചെലവുകൾ ഇനത്തിൽ 1,415/- ഉൾപ്പെടെ 71,033/- രൂപ ചെലവഴിച്ചു. കെ.ഐ.പി കനാൽ പുറമ്പോക്കിലാണ് പ്രസ്തുത പദ്ധതി കെ.ഐ.പി യുടെ അനുമതിയില്ലാതെ നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ 18.12.2018 ന് നടത്തിയ സ്ഥലപരിശോധനയിൽ ഒരു വൃക്ഷത്തൈ പോലും കണ്ടെത്താൻ കഴിഞ്ഞില്ല. വേലി നിർമ്മിച്ചത് പ്രാദേശിക പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല മോണിറ്ററിംഗ് ഇല്ലാതെ ഇപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നത് മൂലം വിനിയോഗിച്ച ഫണ്ടിന്റെ ഫലപ്രാപ്തി ഉറപ്പാക്കുവാൻ സാധിക്കാതെ വരുന്നു. ടി പ്രവൃത്തിക്കായി

ചെലവഴിച്ച 71,033/-രൂപ പാഴ്ചെലവായി. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ ഏറ്റെടുത്ത് പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പാഴ്ചെലവായ 71,033/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-21 കേരളോൽസവം -അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചു

കേരളോൽസവത്തിനായി ചെലവഴിക്കാവുന്ന പരിധിയിൽ കൂടുതൽ ചെലവഴിച്ചു. 28-6-2017 തീയതിയിലെ ജി.ഓ.(ആർ.ടി)2160/17 നമ്പർ ഉത്തരവ് പ്രകാരം കേരളോൽസവത്തിനായി തനതുഫണ്ടിൽനിന്നും പരാമാവധി ചെലവഴിക്കാവുന്ന തുക 55,000/- രൂപയാണ്. എന്നാൽ വിവിധ വൗച്ചറുകൾ പ്രകാരം കേരളോൽസവത്തിനായി 68,155/-രൂപ ചെലവഴിച്ചിരിക്കുന്നു. ആയതിന്റെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെക്ക് നമ്പർ,തീയതി | തുക (₹) |
|---|---|---|
| കേരളോൽസവം അഡ്വാൻസ് | 912735/20-9-2017 | 15,000/- |
| സ്റ്റേജ് | 912757/7-10-2017 | 11,800 |
| മൈക്ക് സെറ്റ് | 912758/7-10-2017 | 5,000 |
| ഫുട് ബോൾ റഫറി | 912759/7-10-2017 | 5,000 |
| ഗോൾ പോസ്റ്റിംഗ്,കുടിവെള്ളം | 912760/7-10-2017 | 1,985 |
| മൈക്ക് സെറ്റ് | 912761/7-10-2017 | 2,000 |
| ഫുട്ബോൾ ഗ്രൗണ്ട് ക്ലിയറിംഗ് | 912762/7-10-2017 | 2500 |
| മൈക്ക് സെറ്റ് | 912763/7-10-2017 | 4,000 |
| റിഫ്രഷ് മെന്റ് | 912764/7-10-2017 | 1,000 |
| വോളിബോൾ റെഫറിക്ക് നൽകിയത് | 912765/7-10-2017 | 1,000 |
| വോളിബോൾ റെഫറിക്ക് നൽകിയത് | 912766/7-10-2017 | 1,000 |
| റിഫ്രഷ് മെന്റ് | 912768/7-10-2017 | 8,870 |
| പ്രിന്റിംഗ് ചാർജ്ജ് | 286718/7-10-2017 | 9,000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികം ചെലവാക്കിയ 13,155/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനമ്പർ 23/20-12-2018

നിരാകരിച്ച തുക – 13,155/-രൂപ

## 3-22 തുക ഒടുക്കിയെങ്കിലും സാംഖ്യാ രസീതുകൾ മുഴുവനും ലഭ്യമായിട്ടില്ല.

പഞ്ചായത്തിലെ സാംഖ്യാ രസീത് വാങ്ങാനായി, കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് തുക നൽകിയെങ്കിലും നാളിതുവരെ മുഴുവൻ രസീത് ലഭിച്ചിട്ടില്ല. 23-5-2017 തീയതിയിലെ 317830 നമ്പർ ചെക്ക് പ്രകാരം 9000 എണ്ണം രസീത് ഫോമിനായി 3,466/-രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയെങ്കിലും 3000 എണ്ണം മാത്രമാണ് ലഭിച്ചത്. ബാക്കി 6000 രസീതുഫോമുകൾ ലഭ്യമാകാഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അവ ലഭ്യമാക്കി എന്നറിയിച്ചിട്ടുണ്ട്. എങ്കിലും ആയത് ബോധ്യപ്പെടുത്തിയിട്ടില്ല. ബാക്കി രസീതുകൾ ലഭ്യമാക്കിയുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 20/20.12.2018

## 3-23 അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്താതെ പകൽവീട് നിർമ്മാണം

പകൽവീട് -അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കറവൂർ, പെരുന്തോയിൽ, ചെമ്പനരുവി എന്നീ സ്ഥലങ്ങളിൽ പകൽവീടുകൾ പ്രവർത്തിക്കുന്നുണ്ട്. 2018-19 വർഷം 150 പ്ലാസ്റ്റിക് കസേരകളും 4 കട്ടിലുകളും 3 മേശകളും 3 സ്റ്റീൽ അലമാരകളും 3 സ്റ്റീൽ റാക്കുകളും 2 വാട്ടർ പ്യൂരിഫയറുകളും 2 ടെലിവിഷനുകളും ഡൈനിംഗ് ടേബിളും കസേരകളും ഉൾപ്പെടുന്ന 1 സെറ്റും 2 ഫാനുകളും വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളെല്ലാം തന്നെ കറവൂരിലെ പകൽവീട്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്ഥലപരിശോധനയിൽ മൂന്ന് പേർ പകൽവീട്ടിൽ അന്നേ ദിവസം എത്തിയതായി ബോധ്യപ്പെട്ടു.നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് പുതിയതായി അടുക്കള നിർമ്മിക്കുന്നുണ്ട്. പെരുന്തോയിലിലുള്ള പകൽവീടിന് അടുക്കളയുണ്ടെങ്കിലും കുടിവെള്ളം ലഭ്യമല്ല. ചെമ്പനരുവിയിലെ കെട്ടിടം പണി പൂർത്തിയായെങ്കിലും അടുക്കള നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. നിലവിലുള്ള മൈക്കാമൺ,എലിക്കാട്ടൂർ വാർഡുകളിൽ പകൽവീട് നിർമ്മാണം പുരോഗമിക്കുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി പ്രവർത്തനമാരംഭിക്കാത്ത പകൽവീടുകൾക്കായി ഫർണ്ണീച്ചർ ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങി സൂക്ഷിക്കുന്നത് ശരിയായ നടപടിക്രമമല്ല.

എല്ലാ വാർഡുകളിലും പകൽവീടുകളും വീടുകളിൽ ഭക്ഷണ വിതരണവും , വാഹന സൗകര്യവും ഏർപ്പെടുത്തണമെന്ന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലും വികസന സെമിനാറുകളിലും ആവശ്യമുയർന്നിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്ന പകൽവീടുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം തന്നെ സജ്ജമാക്കാനും പകൽ വീടുകൊണ്ട് ലക്ഷ്യമിടുന്ന സാമൂഹിക സുസ്ഥിരത ഉറപ്പാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർക്ക് നൽകിയ തുകയുടെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെയുള്ള 21 വാർഡുകളിൽ 14 വാർഡുകളിലെ മഴക്കാല പൂർവ്വശുചീകരണത്തിനായി 4-8-2017 തീയതിയിലെ 912657 നമ്പർ ചെക്ക് പ്രകാരം 1,40,000/- രൂപ നൽകിയിട്ടുണ്ട്. ഇവയുടെ ഉപവൗച്ചറുകൾ (വൗച്ചർ നമ്പർ 21700322) ഹാജരാക്കിയിട്ടില്ല. അവ ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള 7 വാർഡുകളിലേക്ക് തുക നൽകിയത് 2018-19 വർഷം ആണ്. 2017-18 വർഷം തുക ആ വാർഡുകളിൽ തുക നൽകിയിട്ടില്ല. ചെലവു രേഖകളും ഉപവൗച്ചറുകളും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവാക്കിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 23/20-12-2018

തടസ്സപ്പെടുത്തിയ തുക 1,40,000/-രൂപ

**3-25** പോസ്റ്റ് ഷിഫ്റ്റിംഗ് - തുക ഒടുക്കിയിട്ടുണ്ടെങ്കിലും പോസ്റ്റ് മാറ്റിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നല്ലംകുളം-വള്ളപ്പുരയ്ക്കൽ റോഡിലെപോസ്റ്റ് ഷിഫ്റ്റിംഗിനായി 11-4-2017 തീയതിയിലെ 223189നമ്പർ ചെക്ക് പ്രകാരം 8,541/- രൂപാ ഇലക്ട്രിസിറ്റി ബോർഡിന് നൽകിയെങ്കിലും ആയത് വിനിയോഗിച്ച് നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ആയി പോസ്റ്റ് മാറ്റിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവായ 8,541/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 20/20-12-2018
തടസ്സപ്പെടുത്തിയ തുക – 8,541/-രൂപ

**3-26** ‘പട്ടികവർഗ്ഗ മേഖലയിലെ നവജാതശിശുക്കളുടേയും അമ്മമാരുടേയും പരിചരണം’പദ്ധതി- ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം - S 0078/18

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ തുക – 30,000/-രൂപ (വികസനഫണ്ട് , ടി.എസ്.പി )

2017-18 വർഷം നടപ്പിലാക്കിയ പട്ടിക വർഗ്ഗമേഖലയിലെ നവജാതശിശുക്കളുടേയും അമ്മമാരുടേയും പരിചരണ പദ്ധതി പ്രകാരം വികസനഫണ്ടിൽനിന്നും 30,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 3/13-06-2017) ഫയലിൽ ഉൾപ്പെടുത്തിയിരുന്ന ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇതു പ്രകാരം 27,192/-രൂപയാണ് യഥാർത്ഥ ചെലവ് എന്ന് വ്യക്തമായിട്ടുണ്ട്. ബാക്കി 2,808/-രൂപ സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല.

| തീയതി | വാങ്ങിയ സ്ഥാപനം | തുക (രൂപ) |
|---|---|---|
| 11.12.2017 | നീതി മെഡിക്കൽസ്, ഇളമ്പള്ളൂർ | 8,866 |
| 19.12.2017 | ലിറ്റിൽത്രിവേണി സൂപ്പർമാർക്കറ്റ്,അലിമുക്ക് | 6,910 |
| 20.12.2017 | നീതി മെഡിക്കൽസ്,ഇളമ്പള്ളൂർ | 3,136 |
| 22.12.2017 | ലിറ്റിൽത്രിവേണി സൂപ്പർമാർക്കറ്റ്,അലിമുക്ക് | 35 |
| 22.12.2017 | ലിറ്റിൽത്രിവേണി സൂപ്പർമാർക്കറ്റ്,അലിമുക്ക് | 8,245 |
| | ആകെ | 27,192/-രൂപ |

ടി ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ

| ഇൻവോയിസ്/ബിൽ നം/തീയതി | വാങ്ങിയ സാധനങ്ങൾ | എണ്ണം |
|---|---|---|
| 10541/11.12.2017 | Proteinpowder | 18 |
| 1995/4/5704/ 19.12.17 | Mother's Horlicks | 10 |
| 1995/4/5704/ 19.12.17 | Lactogen | 5 |
| ഇൻവോയിസ് നമ്പർ വ്യക്തമല്ല തീയതി 20.12.2017 | Johnson Babyoil | 12 |
| 11177/22.12.2017 | Proteinpowder | 6 |
| 11177/22.12.2017 | ,A to Z Drops | 10 |
| 1995/4/5536 | Mother's Horlicks | 14 |
| 1995/4/5536 | Lactogen | 7 |
| 1995/4/5824 | pamperspants | 1 |

ചെലവുരേഖ പ്രകാരം 27,192/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകളാണ് ഹാജരാക്കിയത്. എന്നാൽ, ടി സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തതിന്റേയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയും വിവരങ്ങൾ ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തതിന്റേയും പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റേയും വിവരങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമായില്ല. ആയതിനാൽ പദ്ധതി ചെലവുതുകയായ 27,192/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ ചെലവഴിക്കാതെ ശേഷിക്കുന്ന 2,808/-രൂപ സഞ്ചിതനിധിയിൽ തിരികെയൊടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -18 b/20.12.2018

## 3-27 ആസ്മാരോഗികൾക്ക് ഇൻഹേലർ പദ്ധതി - ഉപകരണം ലഭ്യമായില്ല

പ്രോജക്ട് നം S0077/18

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ തുക -15,000/-രൂപ

തനത്ഫണ്ടിൽ നിന്നും 15,000/-രൂപ വകയിരുത്തി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 14,892/-രൂപ കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (ചെക്ക് നം 5609351/22.02.2018). എന്നാൽ നാളിതുവരെ ഇൻഹേലറുകൾ ലഭ്യമായിട്ടില്ല. ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റ വിവരങ്ങളും ലഭ്യമാക്കിയില്ല. ആയതിനാൽ 14,892/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . പരാമർശിതരേഖകൾ അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 18 a/20.12.2012

തടസ്സം – 14,892/-രൂപ

**3-28** <u>പാലിയേറ്റീവ് പരിചരണപദ്ധതി - അപാകതകൾ</u>

പ്രോജക്ട് നം S0075/18

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ തുക വികസനഫണ്ട്- 5,00,000/-രൂപ

തനത്ഫണ്ട് - 2,14,569/-രൂപ

1. <u>ഗൃഹസന്ദർശനത്തിനുള്ള വാഹനം ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.</u>

ഗൃഹസന്ദർശനത്തിനായി KL01H351 നമ്പരിലുള്ള വാഹനമാണ് ഉപയോഗിച്ചിരിക്കുന്നത്. വാഹനവാടക ശ്രീ.രാജേഷ്കുമാർ, ശ്രീ.സുരേന്ദ്രൻ എന്നിവർക്ക് നൽകിയിട്ടുണ്ട്. വാഹനത്തെ ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

2.മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായില്ല

പാലിയേറ്റീവ് പരിചരണം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും ബിൽ നം 2/17-18,തീയതി. 18.12.17 പ്രകാരം പിൻവലിച്ച 3,37,968/- രൂപയിൽ നിന്ന് 1,23,768/- രൂപയും ബിൽ നം 4/17-18,18.03.2018 പ്രകാരം പിൻവലിച്ച 1,04,831/- രൂപയിൽ നിന്ന് 46,231/- രൂപയും തനതുഫണ്ടിൽ നിന്നും ചെക്ക് നം 2129505/28.03.18 പ്രകാരം പിൻവലിച്ച 2,14,569/- രൂപയിൽ നിന്ന് 1,84,998/- രൂപയും കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മരുന്ന്

| ഫണ്ടിനം | പ്രൊഫോർമ ഇൻവോയിസ് നം | തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വില (രൂപ) | ലഭിക്കാനുള്ളത് (രൂപ) |
|---|---|---|---|---|
| വികസനഫണ്ട് | PRF2697/7.12.17 | 68,682 | 60,691 | 7,991 |
| വികസനഫണ്ട് | PRF479/07.12.17 | 31,318 | 0 | 31,318 |
| വികസനഫണ്ട് | PRF4369/19.02.18 | 42,348 | 36,452 | 5,896 |
| വികസനഫണ്ട് | PRF1459/19.02.18 | 3,883 | 0 | 3,883 |
| തനത്ഫണ്ട് | PRF4215/14.02.18 | 1,19,180 | 0 | 1,19,180 |
| തനത്ഫണ്ട് | PRF1381/14.02.18 | 30,820 | 0 | 30,820 |
| | ആകെ | 2,96,231 | 97,143 | 1,99,088 |

ഉപകരണങ്ങൾ

| ഫണ്ടിനം | പ്രൊഫോർമ ഇൻവോയിസ് നം | തുക (രൂപ) | ലഭ്യമായ ഉപകരണത്തിന്റെ വില (രൂപ) | ലഭിക്കാനുള്ളത് (രൂപ) |
|---|---|---|---|---|
| വികസനഫണ്ട് | PRF2691/07.12.17 | 23,768 | 11,557 | 12,211 |
| തനത്ഫണ്ട് | PRF4368/19.02.18 | 4,803 | 0 | 4,803 |
| തനത്ഫണ്ട് | PRF5243/21.03.18 | 8,195 | 0 | 8,195 |
| | ആകെ | 36,766 | 11,557 | 25,209 |

നാളിതുവരെ 1,99,088/-രൂപയുടെ മരുന്നുകളും 25,209/-രൂപയുടെ ഉപകരണങ്ങളും ലഭ്യമാകാതിരുന്നിട്ടും ഇവ ലഭിക്കുന്നതിനായി തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയവ അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

3. പാലിയേറ്റീവ് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

പാലിയേറ്റീവ് ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പി.എച്ച്.സി ഫാർമസിസ്റ്റ് സ്റ്റോക്കിലെടുത്ത് എല്ലാ ഉപകരണങ്ങളും ഒരുമിച്ച് ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകുന്നരീതിയാണ് അവംലംബിച്ചിരിക്കുന്നത്. ഹെൽത്ത് ഇൻസ്പെക്ടർ കൈവശം സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാഞ്ഞതിനാൽ നിലവിൽ എത്ര ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട് എത്രയെണ്ണം ബാക്കിയുണ്ട് എന്നുള്ള വിവരം ലഭ്യമായില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി ആയതിന് വ്യക്തത വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 18a/19-12-18

**3-29** പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ - പ്രിന്റിംഗ് ചാർജ് ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം S0079/18

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ തുക – 25,000/-രൂപ

'പകർച്ചാവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ' പദ്ധതിയ്ക്കായി തനത്ഫണ്ടിൽ നിന്നും 25,000/-രൂപ (ചെക്ക് നം. 5609360/24.03.2018) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയിൽ പ്രിന്റിംഗ്ചാർജ് ഇനത്തിൽ 10,000/-രൂപയുടെ ചെലവുണ്ട്. ഈ തുക ശ്രീ.അബ്ദുൾലത്തീഫ് (അർച്ചന ഓഫ് സെറ്റ്) എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്താണ് പ്രിന്റ് ചെയ്തത്,എത്രയെണ്ണം പ്രിന്റ് ചെയ്തു ഇവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായില്ല. ആയതിനാൽ ഈയിനത്തിലുള്ള 10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി – 18a /19.12.2018

തടസ്സം – 10,000/-രൂപ

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1** സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,25,000 | അംഗനവാടിയ്ക്ക് പോഷകാഹാരം | 18,512 | 2,06,488 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | അംഗനവാടിയ്ക്ക് പോഷകാഹാരം | 2,73,702 | 2,26,298 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000/- | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 60413 | 39587 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000/- | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,00,000 | ആനകുളം അയത്തിൽ കിഴക്കേക്കര റോഡ് സംരക്ഷണഭിത്തി | 1,64,603 | 35,397 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3,00,000 | വലിയറപച്ച തലയ്ക്കൽ റോഡ് സംരക്ഷണ ഭിത്തി | 2,53,417 | 46,883 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,50,000 | പാലിന് സബ്സിഡി | 3,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000/- | അമ്പലം കാരിക്കുഴി റോഡ് കലുങ്ക് നിർമ്മാണം, സംരക്ഷണഭിത്തി | 0 | 3,00,000/- |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 12,33,270/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക (₹) | അഡ്ജസ്റ്റ് ചെയ്തത് (₹) | ബാക്കി (₹) |
|---|---|---|---|---|---|---|
| 1 | കെൽട്രോൺ-ഐ.റ്റി.ബി.ജി. | ഇലക്ട്രിഫിക്കേഷൻ & നെറ്റ് വർക്കിംഗ് | 148495/ 15.3.18 | 7,59,683 | 7,59,683 | 0 |
| 2 | കെൽട്രോൺ-കൺട്രോൾ | അലിമുക്ക് പുതിയ പഞ്ചായത്തോഫീസ് കെട്ടിടത്തിന് | 163068/ 23.3.2018 | 4,73,587 | 4,73,587 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | സോളാർ പാനൽ | | | | |
| | | ആകെ | | 12,33,270/- | | |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ഇ.എം.എസ്. ഹൗസിംഗ് ലോൺ | 1490/10 09.05.2010 | | 7,83,415 | 0 | 0 | 1090819 (മുതൽ - 783415, പലിശ - 307404) |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,33,23,784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,36,93,291 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,72,190 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,64,432 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 87,307 | ശ്രീ.എസ്.രാമചന്ദ്രൻ, കൃഷി ഓഫീസർ |
| 3-9 | | 15,044 | ശ്രീമതി താഹി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | | 6,000 | |
| 3-11 | | 28,800 | |
| 3-15 | | 6,48,043 | ശ്രീ.ഇ.കെ.നളിനാക്ഷൻ, വാർഡ് മെമ്പർ, കടയ്ക്കൽ |
| | | | ശ്രീമതി.അമ്പിളി രാജീവ്, വാർഡ് മെമ്പർ, പുന്നല |
| | | | ശ്രീ.റഷീദ്, വാർഡ് മെമ്പർ, ചെമ്പനരുവി |
| | | | ശ്രീ.ബാബുരാജ്.എസ്, വാർഡ് മെമ്പർ, മൈയ്ക്കാമൈൻ |
| | | | ശ്രീ.രഞ്ജിത്ത്.ആർ, വാർഡ് മെമ്പർ, പെരുന്തോയിൽ |
| | | | ശ്രീമതി.ശശികല.പി.എസ്, വാർഡ് മെമ്പർ, വഴങ്ങോട് |
| | | | ശ്രീ.രതീശൻ.ഡി, വാർഡ് മെമ്പർ, കുറവൂർ |
| | | | ശ്രീമതി.സുജാത.എസ്, വാർഡ് മെമ്പർ, വന്മള |
| | | | ശ്രീ.സി.ആർ.രജികുമാർ, വാർഡ് മെമ്പർ, അലിമുക്ക് |
| | | | ശ്രീമതി.ജെസ്സി തോമസ് വാർഡ് മെമ്പർ, മുക്കടവ് |
| | | | ശ്രീമതി.ഷേർളി ഗോപിനാഥ് |

| | | | |
|---|---|---|---|
| | | | വാർഡ് മെമ്പർ, ചീവോട് |
| | | | ശ്രീമതി.ചിത്രജ.എസ്<br>വാർഡ് മെമ്പർ, പിറവന്തൂർ |
| | | | ശ്രീമതി.സുധാവസന്തൻ<br>വാർഡ് മെമ്പർ, പാവുമ്പ |
| | | | ശ്രീ.അനിൽകുമാർ.സി<br>വാർഡ് മെമ്പർ, എലിക്കാട്ടൂർ |
| | | | ശ്രീമതി.കൃഷ്ണകുമാരി<br>വാർഡ് മെമ്പർ, കമുകുംചേരി |
| | | | ശ്രീ.നികിൽ.എസ്<br>വാർഡ് മെമ്പർ, ചേകം |
| | | | ശ്രീമതി.മഞ്ജു.ഡി.നായർ<br>വാർഡ് മെമ്പർ, കിഴക്കേമുറി |
| 3-20 | | 71,033 | ശ്രീ.ജോൺ ഗോഡ്രിക്ക് ഗ്രീക്ക്,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | | 13,155 | ശ്രീമതി താഹി.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-26 | | 2,808 | ഡോ.സന്ധ്യാ സുധാകരൻ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,50,000 | ശ്രീ.ഷെമീം.എ,<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3-3 | 36,400 | ശ്രീ.ഷെമീം.എ,<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3-12 | 25,000 | ശ്രീമതി താഹി.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-16 | 1,99,950 | ശ്രീമതി ആശ.വൈ.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | 8,52,457 | ശ്രീമതി ആശ.വൈ.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-24 | 1,40,000 | ഡോ.സന്ധ്യാ സുധാകരൻ ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-25 | 8,541 | ശ്രീ.ഷെമീം.എ,<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3-26 | 27,192 | ഡോ.സന്ധ്യാ സുധാകരൻ ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-27 | 14,892 | ഡോ.സന്ധ്യാ സുധാകരൻ ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-29 | 10,000 | ഡോ.സന്ധ്യാ സുധാകരൻ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.രാമചന്ദ്രൻ, കൃഷി ഓഫീസർ | വിരമിച്ചു | പ്രണവം,<br>ചക്കുവരയ്ക്കൽ,<br>ചക്കുവരയ്ക്കൽപി.ഒ,<br>കുന്നിക്കോട്(വഴി)<br>691508 |
| ശ്രീ.ഷെമീം.എ,<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി,<br>പിറവന്തൂർ | ആരണ്യകം,<br>അച്ചൻകോവിൽ .പി.ഒ,<br>പിറവന്തൂർ |
| ശ്രീമതി താഹി.എസ്,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, | താഹി മൻസിൽ,<br>പാതിരിക്കൽ.പി.ഒ, |

| | | |
|---|---|---|
| | പിറവന്തൂർഗ്രാമ പഞ്ചായത്ത് | പത്തനാപുരം-689695 |
| ശ്രീമതി ആശ.വൈ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പിറവന്തൂർ ഗ്രാമ പഞ്ചായത്ത് | എസ്.എ.കോട്ടേജ്, വെള്ളിമൺ ഈസ്റ്റ് .(പി.ഒ), കുണ്ടറ |
| ഡോ.സന്ധ്യാ സുധാകരൻ , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പിറവന്തൂർ | സ്വപ്ന ഭവൻ, ഭരണിക്കാവ്, പുനലൂർ- 691305 |
| ശ്രീ.ജോൺ ഗോഡ്രിക്ക് ഗ്രീക്ക്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി തഴവ ഗ്രാമപഞ്ചായത്ത് | പ്ലാമൂട്ടിൽ, പട.സൗത്ത്, കരുനാഗപ്പള്ളി – 690518 |
| ശ്രീ.ഇ.കെ.നളിനാക്ഷൻ, വാർഡ് മെമ്പർ, കടശ്ശേരി | വാർഡ് മെമ്പർ, കടശ്ശേരി | ഈട്ടിവിള വീട്, ചാച്ചിപ്പുന്ന, പുന്നല -689696 |
| ശ്രീമതി.അമ്പിളി രാജീവ്, വാർഡ് മെമ്പർ പുന്നല | വാർഡ് മെമ്പർ, പുന്നല | രാജീവ് ഭവൻ, പുന്നല -689696 |
| ശ്രീ.റഷീദ്, വാർഡ് മെമ്പർ ചെമ്പനരുവി | വാർഡ് മെമ്പർ, ചെമ്പനരുവി | നെട്ടുമുരുപ്പിൽ വീട്, ചെമ്പനരുവി -689696 |
| ശ്രീ.ബാബുരാജ്.എസ്, വാർഡ് മെമ്പർ, മൈയ്ക്കാമൈൻ | വാർഡ് മെമ്പർ, മൈയ്ക്കാമൈൻ | മിനി വിലാസം, തൊടീക്കണ്ടം, കറവൂർ – 689696 |
| ശ്രീ.രഞ്ജിത്ത്.ആർ, വാർഡ് മെമ്പർ, പെരുന്തോയിൽ | വാർഡ് മെമ്പർ, പെരുന്തോയിൽ | റെജി ഭവൻ, കറവൂർ – 689696 |
| ശ്രീമതി.ശശികല.പി.എസ്, വാർഡ് മെമ്പർ, വഴങ്ങോട് | വാർഡ് മെമ്പർ, വഴങ്ങോട് | പുത്തൻവീട്, പുന്നല -689696 |
| ശ്രീ.രതീശൻ.ഡി, | വാർഡ് മെമ്പർ, | കട്ടയിൽ പുത്തൻ വീട്, |

| | | |
|---|---|---|
| വാർഡ് മെമ്പർ, കുറവൂർ | കുറവൂർ | കുറവൂർ – 689696 |
| ശ്രീമതി.സുജാത.എസ്, വാർഡ് മെമ്പർ, വന്മള | വാർഡ് മെമ്പർ, വന്മള | ഗോകുലം, വെട്ടിത്തിട്ട - 689696 |
| ശ്രീ.സി.ആർ.രജികുമാർ, വാർഡ് മെമ്പർ, അലിമുക്ക് | വാർഡ് മെമ്പർ, അലിമുക്ക് | ചന്ദ്രമംഗലത്ത്, അലിമുക്ക് - 689696 |
| ശ്രീമതി.ജെസ്സി തോമസ് വാർഡ് മെമ്പർ, മുക്കടവ് | വാർഡ് മെമ്പർ, മുക്കടവ് | പള്ളിക്കിഴക്കേതിൽ ഹൗസ്, അലിമുക്ക്, വെട്ടിത്തിട്ട - 689696 |
| ശ്രീമതി.ഷേർളി ഗോപിനാഥ് വാർഡ് മെമ്പർ, ചീവോട് | വാർഡ് മെമ്പർ, ചീവോട് | സച്ചിൻ ഭവൻ, ചീവോട്, പിറവന്തൂർ - 689696 |
| ശ്രീമതി.ചിത്രജ.എസ് വാർഡ് മെമ്പർ, പിറവന്തൂർ | വാർഡ് മെമ്പർ, പിറവന്തൂർ | ചിത്രശാല, പിറവന്തൂർ - 689696 |
| ശ്രീമതി.സുധാവസന്തൻ വാർഡ് മെമ്പർ, പാവുമ്പ | വാർഡ് മെമ്പർ, പാവുമ്പ | നികുഞ്ജം, പിറവന്തൂർ - 689696 |
| ശ്രീ.അനിൽകുമാർ.സി വാർഡ് മെമ്പർ, എലിക്കാട്ടൂർ | വാർഡ് മെമ്പർ, എലിക്കാട്ടൂർ | മുല്ലശ്ശേരിൽ വീട്, എലിക്കാട്ടൂർ - 689696 |
| ശ്രീമതി.കൃഷ്ണകുമാരി വാർഡ് മെമ്പർ, കമുകുംചേരി | വാർഡ് മെമ്പർ, കമുകുംചേരി | പത്മ വിലാസം, കമുകുംചേരി - 689696 |
| ശ്രീ.നികിൽ.എസ് വാർഡ് മെമ്പർ, ചേകം | വാർഡ് മെമ്പർ, ചേകം | സുദേശ് ഭവൻ, വെള്ളം തെറ്റി, പാടം - 689696 |
| ശ്രീമതി.മഞ്ജു.ഡി.നായർ വാർഡ് മെമ്പർ, കിഴക്കേമുറി | വാർഡ് മെമ്പർ, കിഴക്കേമുറി | പൂന്തോട്ടത്തിൽ കിഴക്കേതിൽ, കിഴക്കേഭാഗം , പത്തനാപുരം - 689696 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFQP8-1274/02;18.09.03 | 9 |

| | | |
|---|---|---|
| 1998-99 | LFQP8-92/03;13.04.04 | 13 |
| 1999-00 | LFQP5-1364/04;07.09.05 | 10 |
| 2000-01 | LFQP5-1365/04;16.11.05 | 10 |
| 2001-02 | LFQP5-1366/04;17.07.06 | 8 |
| 2002-03 | LFQP5-1107/07;5.1.08 | 5 |
| 2003-04 | LFQP5-1107/07;5.1.08 | 15 |
| 2004-05 | LFQP5-1255/08;13.05.09 | 12 |
| 2005-06 | LFQP5-1255/08;13.05.09 | 8 |
| 2006-07 | LFQP5-346/10;16.9.10 | 6 |
| 2007-08 | LFQP5-278/2011;3.8.11 | 11 |
| 2008-09 | LFQP5-1546/2011;19.06.14 | 17 |
| 2009-10 | LFQP5-1280/12/14;19.06.14 | 13 |
| 2010-11 & 2011-12 | LFQP5-973/13;13.8.13 | ---- |
| 2012-13 & 13-14 | LFQP5-425/15;1.4.15 | ---- |
| 2014-15 | KSA.KLMP5-1126/16;27.7.16 | ---- |
| 2015-16 | KSA.KLMP9-1312/16;8.7.16 | ---- |
| 2016-17 | KSA.KLMP9-1910/17;3.11.17 | ---- |

*ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

## അനുബന്ധം **1**

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എൽ.എം-പി9-95/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.
പിൻ - 691 001, Ph: 0474 – 2740141
E-mail: doklm.ksad@kerala.gov.in
തീയതി : 03/05/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

*ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.*

## <u>അനുബന്ധം-2</u>

<u>അനുബന്ധപത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്